# പഞ്ചാഗം.

എപ്പകത്തി ൧൯. ൧൯൦൭ ഞായറാഴ്ച അക്ഷരം. ൬

## ൧൯൦൭ സെപ്റ്റംബർ.— ൧൦൮൩ ചിങ്ങം-കന്നി.

1 16 ഞാ ✠ പന്ത. ൧൫-ാം ഞാ. ന. കു. ആ. ൧൨.൩.൩൨ പ.
☞ അടുത്ത 6-ാംനു- ആദ്യവെള്ളി.
2 17 തി ✻ മൗ. രാ. എസ്തപ്പാനോസ് ന. ആ. കു. പെ. വെ.
3 18 ചൊ മൗ. ആ.മല്പാൻ ഗ്രിഗോരിയോസ് ന.ആ.കു.പെ.(മേയ് 9)വെ.
വടക്കേ താണിശ്ശേരിപ്പള്ളി വ്യാകുല തിരുനാൾ.
◐ 4 19 ബു വേ. നെറോസും കൂട്ടരും ന. ആ. കു. പെ. (മേയ് 12) ച്ചു.
5 20 വ്യാ ✻ മൗ. അപ്പ. ലൗറന്തിയോസ് യൂസ്റ്റിനി ന.ആ.കു.പെ. വെ.
6 21 വെ ക. പുദന്തിയാന ന. ആ. കു. പെ. (മേയ് 19) വെ.
7 22 ശ മൗ. പാ. പത്രോസ് ശെലസ്റ്റീൻ ന. ആ. കു. പെ. വെ.
8 23 ഞാ ✠ പന്ത. ൧൬-ാംഞെ ക. മ. പിറവി ന.കു.പെ. ൧൨.൪.൨ വെ.

9 24 തി വേ. ഗെർഗോനിയോസ് ന. ആ. കു. പെ. ച്ചു.
10 25 ചൊ മൗ. നിക്കാവോസ് ന. ആ. കു. പെ. വെ.
11 26 ബു വേ. പ്രൊത്തോസും കൂട്ടരും ന. ആ. കു.പെ. ച്ചു.
12 27 വ്യാ ✻ ക. മാതാ. പിറവി ൮ം. ന. ആ. കു. പെ. വെ.
13 28 വെ ✻ മാ. ൮ം. ന. ആ. കു. പെ. വെ.
14 29 ശ (†) ശു. കുരിശിൻെറ പുകഴ്ച ന. ആ. കു. പെ. ച്ചു.
15 30 ഞാ ✠ പന്ത. ൧൭-ാം ഞാ.ന. കു. ആ. ൨൩.൪.൨൩ .൫൩ .൫ .൩൨ പ.
☞ അടുത്ത ബുധൻ ഇ. വി.
✻ അ. മാ. ൭. വ്യാകുലം ന. ആ. കു. പെ. വെ.
16 31 തി വേ. കൊർണ്ണേലീസും കൂട്ടരും ന. ആ. കു. പെ. ച്ചു.
17 1 ചൊ ✻ പ്രാൻസീസ്സ്കോസ് അസീസി ൫ മുറിവു ന.ആ.കു.പെ. വെ.
18 2 ബു ✻ മൗ.യൗ. കുപ്പർത്തീനോസ് ന.ആ കു.പെ. പട്ടം. ഇ വി. വെ.
◑ 19 3 വ്യാ വേ. യനുവാരിയൂസും കൂട്ടരും ന. ആ. കു. പെ. ച്ചു.
20 4 വെ മത്തായി ശ്ലീ. തലെ. ന. ആ. കു. തലെ. രോ.
ന. കു. ആ. പട്ടം.
21 5 ശ (†) ശ്ലീ മത്തായി ന. കു. പെ. പട്ടം. ച്ചു.
22 6 ഞാ ✠ പന്ത. ൧൮-ാം ഞാ. ന. കു. ആ. ൨൦.൯.൩൨ പ.
23 7 തി വേ. പാ. ലീനോസ് ന. ആ. കു. പെ. ച്ചു.
24 8 ചൊ ✻ മനോഗുണമാതാവു് ന. ആ. കു. പെ. വെ.
25 9 ബു ✻ മൗ. ബർണ്ണർദീനൊസ് ന. ആ. കു. പെ. (മേയ് 20) വെ.
26 10 വ്യാ വേ. കുപ്പറിയാനോസും കൂട്ടരും ന. ആ. കു. പെ. ച്ചു.
27 11 വെ വേ. കുസുമോസും ദമിയാനോസും ന. ആ. കു. പെ. ച്ചു.
28 12 ശ ✻ വേ. രാജാ. വെഞ്ചെസ്ലാവോസ് ന. ആ. കു. പെ. ച്ചു.
29 13 ഞാ ✠ പന്ത. ൧൯-ാം ഞാ. ന. കു. ആ. ൧൨.൦.൨ പ.
☞ അടുത്ത 4-ാംനു- ആദ്യവെള്ളി.
30 14 തി മൗ. മല്പാൻ ഈറാനീമ്മോസ്. ന. ആ. കു. പെ. വെ.

അട്ടത്തമാസം കാവൽമാലാഖാമാരുടെ വണക്കമാസം.




പരിശുദ്ധ മാതാവേ! സ്ലീവാമേൽ തറയ്ക്കപ്പെട്ട കർത്താവിൻെറ തിരുമുറിവുകളെ എൻെറ ഹൃദയത്തിൽ പതിച്ചുറപ്പിക്കണമേ.

(൩൦൦ ദി. ദ. വി.)

കർമ്മെല കുസുമം.

പുസ്തകം ൨) സെപ്റ്റംബർ. (ലക്കം ൯.

## മരിയാംബികാ കീത്തനം.

രാഗം കല്യാണി. താളം രൂപകം. "നമ്പിനേനുമയെ" എ: മ:

പല്ലവി:-

അമ്മേ! പാലയമാം—ദുരി—
താഗ്നി—മാററി-പോററിട്ടം മമ- (അമ്മേ)

ചരണം.

1 ജന്മപാപമണുവുമെന്യെ—
മന്നിൽ ജാതെ! വിമലകന്യെ!
ഉന്നത ശ്രീ തിരളും ധന്യെ!
ശ്രീദെ!മാതെ!നാഥെ!മേരി!(അമ്മേ)

2 കോടിസൂരപ്രഭയോടേററം
മോടിയിൽ സുരപ്പരേ, മുററും
മോദമോടെ ഭുവിമാലാററി
വാണി-ടുന്ന-റാണി-മേരി!- (അമ്മേ)

3 സർവ്വനാഥജനനിയായി,
പാർവ്വണേന്ദു മുഖിമണിയായ്,
സർവ്വനന്മപ്രദയുമായി
മിന്നി-ടുന്ന,-കന്യെ!-ധന്യെ!-(അമ്മേ)

4 പാപവാരിരാശിയിൽ സം—
താപമാന്നുഴഞ്ഞു, ലേശം
ശാന്തമെന്യെമരുവുമെൻ സ-
ഹായ-മേ! കനിഞ്ഞു,-മേരി!-(അമ്മേ)

# പ്രസാധകക്കുറിപ്പുകൾ.

### കന്നിമാസം.

പരിശുദ്ധ കന്യക മറിയത്തിൻെറ വ്യാകുലങ്ങളുടെ സ്മരണക്കായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന മാസമാണിതു. ദുഃഖാരിഷ്ടങ്ങളുടെ സ്ഥലമായ ഈലോകത്തിൽ പരിശുദ്ധ അമ്മയുടെ വ്യാകുലങ്ങളുടെഓമ്മ നമുക്കു അതിയായ ആശ്വാസത്തെതരുന്നു. പരിശുദ്ധ കന്യാസ്ത്രീമറിയം ദൈവത്തിൻെറ അമ്മയാകുന്നു; സകല സൃഷ്ടികളിൽ ഉന്നത സൃഷ്ടിയാകുന്നു; ദൈവത്താൽ അറുതിയില്ലാത്തവിധം സ്നേഹിക്കപ്പെട്ടവളാകുന്നു. എങ്കിലും, അതേസമയംതന്നെ, ഈ അമ്മയോളം വ്യാകുലതകളനുഭവിച്ചിട്ടുള്ളവരും ലോകത്തില്ലണ്ടായിട്ടില്ല. ഹാ! നാനാവിധ ദുഃഖസങ്കടങ്ങളാൽ ഞെരുങ്ങുന്നവക്കു ഇതു എത്രയോ ആശ്വാസപ്രദമായ ചിന്ത! ഇത്രമാത്രമോ? ഈവിധ ഞെരുക്കങ്ങളനുഭവിക്കുന്നവർ പരിശുദ്ധ അമ്മയുടെ പ്രത്യേകവാത്സല്യത്തിനു പാത്രീഭവിക്കുന്നതാണ്. അമ്മയുടെഛായ അവരിൽ വിശേഷവിധമായി പ്രതിബിംബിക്കുന്നതിനാൽ അമ്മയുടെ കൂടുതൽ ലാളനക്കു അവർ വിഷയീഭവിക്കുന്നു. ഇപ്രകാരം വ്യാകുലതാഭക്തിയിൽ അഭ്യസിക്കുന്നതിന് എല്ലാ വിശ്വാസികൾക്കും എളുപ്പവും അവശ്യവും അവസരവുമുണ്ടായിരിക്കുന്നു. ഇതിലേക്കു ഈ അമ്മഎല്ലാവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നതുകൂടാതെ വ്യാകുലഭക്തന്മാക്കു വിശേഷവരങ്ങൾ തൻെറ തിരുക്കുമാരനിൽനിന്നു പ്രാപിച്ചുകൊടുക്കാമെന്നു വാഗ്ദാനം ചെയ്യുകയും ചെയ്തിരിക്കുന്നു. പാപങ്ങളെക്കുറിച്ചു യഥാ

ത്ഥമായ മനസ്താപവും, എല്ലാഞെരുക്കങ്ങളിലും പ്രത്യേകം മരണനേരത്തും ആശ്വാസവും, കർത്താവിൻെറ പീഡാനുഭവങ്ങളുടെ രക്ഷാകരമായ സ്മരണയും അവക്കു നൽകുന്നതാണെന്നു ദിവ്യരക്ഷകൻതന്നെ ഒരു ദർശനത്തിൽ അരുളിച്ചെയ്തിട്ടുണ്ടു്. ആകയാൽ ഈ മാസത്തിൽ വ്യാകുലഭക്തിയിലുള്ള നമ്മുടെ ന്യൂനതകളെ തീർപ്പാൻ പരിശ്രമിക്കണം.

## മെക്സിക്കോയിൽ സമാധാനം.

മൂന്നുകൊല്ലത്തിലധികമായി മെക്സിക്കോയിൽ നടന്നുകൊണ്ടിരുന്ന ഭയങ്കര മതപീഡനം ഒരുവിധത്തിൽ ശമിച്ചിരിക്കുന്നുവെന്നുള്ള സന്തോഷവർത്തമാനം ഇതിനിടയിൽ ലോകമെല്ലാം പരന്നിട്ടുണ്ടു്. ജൂൺ 29-ാംനു പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ ദിവസം അവിടെയുള്ള കത്തോലിക്ക ദേവാലയങ്ങളിലെല്ലാം വീണ്ടും ദിവ്യപൂജ അർപ്പിച്ചിരിക്കുന്നു. ജനങ്ങളുടെ സന്തോഷാധിക്യം പറഞ്ഞറിയിപ്പാൻ അസാദ്ധ്യം. കൂട്ടംകൂട്ടമായി ആബാലവൃദ്ധം ജനങ്ങൾ പള്ളികളിൽ തിങ്ങിക്കൂടിയിരുന്നു. സകലദേവാലയങ്ങളിലും സന്തോഷസൂചകമായ മണിനാദം തുടർച്ചയായി മുഴങ്ങിക്കൊണ്ടിരുന്നു. മെക്സിക്കോപട്ടണത്തിന്നടുത്തുള്ള ഗ്വാഡലൂപ്പ് മാതാവിൻെറ അത്ഭുത ദേവാലയത്തിലെ തിക്കും തിരക്കും അവർണ്ണനീയമായിരുന്നുവെന്നു പറയപ്പെടുന്നു. അവിടത്തെ ദൈവജനനിയുടെ സ്വരൂപം മെക്സിക്കോക്കാരുടെ പ്രത്യേക ഭക്തി ബഹുമാനങ്ങൾക്കു പാത്രമായിട്ടുള്ളതാണു്. അവിടെയാണു് മാർപ്പാപ്പായുടെ പ്രതിനിധിയായ റൂയിസ് മെത്രാപ്പോലീത്താ മററു മെത്രാന്മാരുടെയും വൈദികരുടെയും അകമ്പടിയോടുകൂടെ ലാക്ലാഹാ എന്ന സ്തോത്രഗീതം ആഘോഷമായിപ്പാടിയതു്. ദേവാലയത്തിലെ ജനബാഹുല്യത്തിൻെറ ആധിക്യത്താൽ അമ്പതോളംപേർ ശ്വാസംമുട്ടി മോഹാലസ്യപ്പെട്ടു പോയതായികാണുന്നു. മാതാവിൻെറ തിരുസ്വരൂപത്തിൻമുമ്പാകെ തിരികൾകത്തിക്കുന്നതിലും പുഷ്പങ്ങൾ ചാർത്തുന്നതിലും ജനങ്ങൾകാണിച്ച ബദ്ധപ്പാടു പ്രത്യേകം ശ്രദ്ധാർഹമായിരുന്നു. മറെറല്ലാ ദേവാലയങ്ങളിലും ഇതുപോലെ ആളുകൾക്കൂടി പകൽമുഴുവൻ ഇടമുറിയാതെ പ്രാർത്ഥന നടത്തിയിരുന്നു. ആകപ്പാടെ മെക്സിക്കോയിൽ ചിന്തപ്പെട്ട വിശ്വാസികളുടെരക്തം അവിടത്തെമാത്രമല്ല ലോകമൊക്കെയിലുമുള്ള കത്തോലിക്കരുടെ ഭക്തിതീക്ഷ്ണതയെ ഉജ്ജ്വലിപ്പിക്കുന്നതിനു അത്യന്തം ഉപകരിച്ചിട്ടുണ്ടെന്നുള്ളതിനു സംശയമില്ല.

## പ. പിതാവിൻെറ ആശീർവ്വാദം.

കത്തോലിക്ക പത്രപ്രവർത്തകന്മാരുടെ ഒരു സമ്മേളനം ഈയിട റോമ്മിൽ കൂടുകയുണ്ടായി. പരിശുദ്ധപിതാവു അവക്കു ഒരു സന്ദർശനം അനുവദിക്കയും പൈതൃകമായ ആശീർവ്വാദം നൽകുകയും ചെയ്തു അവസരത്തിൽ അവരോടുചെയ്ത പ്രസംഗമദ്ധ്യേ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:—

“........പുതിയ ആശയങ്ങളെയും ആഗ്രഹങ്ങളെയും വികസിപ്പിക്കുന്നതിനുള്ള പ്രവൃത്തികളിൽ നമ്മെയും മററു വൈദികാദ്ധ്യക്ഷന്മാരെയും സഹായിക്കേണ്ടതു കത്തോലിക്കപത്രപ്രവർത്തകന്മാരുടെ ചുമതലയാകുന്നു. ‘പടവു ആഴത്തിലേക്കിറക്കുക’ എന്നുള്ള ദിവ്യരക്ഷകൻെറ കല്പന നാം കേൾക്കുന്നു. ആ കല്പന നിർവ്വഹിക്കുന്നതിലേക്കു വൈദികാദ്ധ്യക്ഷന്മാരുടെ സഹായസഹകരണങ്ങൾ നമുക്കുണ്ടു്. അൽമേനികളുടെ ഒത്താശകളാണു് ഇനി നാം ആവശ്യപ്പെടുന്നതു്. അതിലാണു് കത്തോലിക്കാപരിശ്രമത്തിൻെറ സാരമെല്ലാം അടങ്ങിയിരിക്കുന്നതു്. കത്തോലിക്കാ പരിശ്രമങ്ങൾക്കു മാർഗ്ഗദർശനമാണുവേണ്ടതു്. അതില്ലാതെ പരിശ്രമങ്ങൾ നടക്കയില്ല. വർത്തമാനപ്പത്രങ്ങളാണു് ഈ വിഷയത്തിൽ മാർഗ്ഗദർശിത്വം വഹിക്കേണ്ടതു്. ഈ കർത്തവ്യങ്ങൾ അനുഷ്ഠിക്കുന്നതിൽ നിങ്ങൾക്കു അനേക പ്രതിബന്ധങ്ങളുണ്ടാകും. അവയോടെല്ലാം എതിർത്തുവിജയം നേടണം. എത്ര നിസ്സാരമായ ഗുണം നിങ്ങൾ ഇക്കാര്യത്തിൽ ചെയ്താലും തക്കതായ പ്രതിസമ്മാനം നിങ്ങൾക്കു ലഭിക്കുന്നതാണു്. നിങ്ങളുടെ കാലംകഴിഞ്ഞാലും നിങ്ങളുടെ ഈ സൽപ്രവൃത്തിയുടെഫലം നിണ്ടുനില്ക്കും. ആകയാൽ സകല പത്രപ്രവർത്തകന്മാരെയും ഹൃദയപൂർവ്വം നാം ആശീർവ്വദിക്കുന്നു.”

# ഉഷഃകാലനക്ഷത്രം.

പരിശുദ്ധ കന്യക മറിയത്തിനു് ഉഷഃകാലനക്ഷത്രമെന്നുള്ള അപരനാമം ഏതുപ്രകാരത്തിലനുയോജ്യമായിരിക്കുന്നുവെന്നു്, നമുക്കു് അല്പം ചിന്തിക്കാം. ഉഷഃകാലനക്ഷത്രം സൂൎയ്യോദയത്തിനു് മുമ്പിൽ കാണപ്പെടുന്ന ഒരു ഗോളമാണല്ലൊ. ഇതിന്റെ ശോഭയും വെളിച്ചവും ഒന്നു വേറെതന്നെയാണു്. അതിന്റെ പ്രഭ ഏതു ഹൃദയകമലത്തെയാണു് കുളൎപ്പിച്ചാനന്ദ ചിത്തയാക്കിത്തീൎക്കാത്തതു്? ഇതരതാരാഗണങ്ങളിൽ ഒന്നിനുപോലും ദീപ്തികൊണ്ടോ വലിപ്പംകൊണ്ടോ ഇതിന്റെ സമനിലയിൽ അഥവാ സാമീപ്യത്തിൽ നിലകൊള്ളുന്നതിനു് സാധിക്കുന്നില്ല. പ്രസ്തുത നക്ഷത്രോദയം സൂൎയ്യാഗമന സാമീപ്യത്തെ അറിയിക്കുന്നു. ഇപ്രകാരം കാലത്തിന്റെ പൂൎണ്ണതയിൽ ഉദിച്ചുയൎന്ന ഒരു ഉഷഃകാല നക്ഷത്രമാകുന്നു കന്യകമറിയം. മററു യാതൊരു പുണ്യവാനും, പുണ്യംകൊണ്ടോ, ശക്തികൊണ്ടോ, മാഹാത്മ്യംകൊണ്ടോ എന്നുവേണ്ട യാതൊന്നുകൊണ്ടും മാതാവിനോടടുക്കുന്നതിനു് സാധ്യമല്ല. അവൾ നിസ്തുലയാണു്. അവൾ ദൈവപ്രസാദവരപരിപൂൎണ്ണയും സ്ത്രീകളിൽ ആശീൎവ്വദിക്കപ്പെട്ടവളുമാകുന്നു.



പ്രസ്താവിതനക്ഷത്രം സൂൎയ്യോദയത്തെ പ്രഖ്യാപനം ചെയ്യുന്നതുപോലെ, മറിയത്തിന്റെജനനംഅദ്ധ്യാത്മികസൂൎയ്യനായ ജഗദ്ഗുരുവിന്റെ ആഗമനത്തെ പ്രത്യക്ഷമാക്കി. സൎവ്വാലങ്കാരമായിരിക്കുന്ന ആ ദിവ്യകന്യകാമണിയുടെ നാമം ഏതു ഹൃദയത്തിനാണു് ആനന്ദം നൽകാത്തതു്. പാപികൾക്കു് ആശ്വാസത്തേയും, സത്തുക്കൾക്കു് ഹൎഷത്തേയും ആ നാമം പ്രദാനം ചെയ്യുന്നു. നക്ഷത്രത്തിന്റെശോഭ എങ്ങിനെ സൂൎയ്യനെ ആശ്രയിച്ചിരിക്കുന്നുവോ അതേവിധം മറിയത്തിന്റെ മഹത്വവും ദൈവത്തെ ആശ്രയിച്ചിരിക്കുന്നു. തന്നിൽ നിന്നുള്ള ഈശോയുടെ ജനനം അവളെ അമലോത്ഭവയാക്കിച്ചെയ്യുന്നതിനു് നിമിത്തഭൂതമായിത്തീൎന്നു. അവൾ മാത്രമെ സൃഷ്ടികളുടെ ഇടയിൽ മാലിന്യലേശമെന്യേ വിലസുന്നുള്ളു. വിശിഷ്യ സൂൎയ്യൻ യാതൊരു വിധത്തിലും പ്രസ്തുത നക്ഷത്രത്തോടു് കടപ്പെട്ടവനല്ല. എന്നാൽ ഭൂലോകരംഗപ്രവേശം ചെയ്ത നീതിസൂൎയ്യനായക്രിസ്തുനാഥൻ ഈ താരാമണിയിൽ നിന്നാണു് സ്വശരീരത്തെ സ്വീകരിച്ചതു്. ഇതു് അവളുടെ മാഹാത്മ്യത്തെ വൎദ്ധമാനമാക്കുന്നു. കൂടാതെ, മനുഷ്യാവതാര രഹസ്യത്തിന്റെ പൂൎത്തീകരണത്തിനു് അവളുടെ അനുവാദം ആവശ്യമായിരുന്നു. ഇപ്രകാരം വാനരാജ്ഞിക്കു് ഉഷഃകാല നക്ഷത്രമെന്നുള്ള അപരനാമം എങ്ങിനെ അനുയോജ്യമായിരിക്കുന്നുവെന്നു് വിശദമാക്കുന്നതാണല്ലൊ.

## ഈശോയുടെ തിരുഹൃദയത്തിൻെറ ഭാഗ്യപ്പെട്ട

# ത്രേസ്യാ മൎഗ്ഗരീത്താ.

(വെറി റവ. ഫാദർ അലെക്സാണ്ടർ സി. ഡി.)

ഈ ഭാഗ്യപ്പെട്ടവൾ ഇററലിയിൽ തൊസ്ക്കാനപ്രദേശത്തു അറേസ്സൊ പട്ടണത്തിൽ 1747 ജൂലായി 15-ൽ ജനിച്ചു. മാതാപിതാക്കന്മാർ പ്രഭുകുടുംബക്കാരായ ഇഗ്നാസ്യോറേഡി, കമീല്ല്യബൊള്ളാത്തി എന്നിവരാണ്, ജനിച്ചതിൻെറ പിറേറദിവസം കർമ്മെലമാതാവിൻെറ തിരുനാളിൽ ജ്ഞാനസ്നാനം കൈക്കൊൾകയും, അന്ന മറിയം എന്ന നാമം സ്വീകരിക്കയും ചെയ്തു ദൈവവരപ്രസാദത്തിൻെറ സഹായത്താൽ ചെറുപ്പം മുതല്ക്കു തന്നെ ലൌകികകാൎയ്യങ്ങളിൽ നിന്നെല്ലാം ഒഴിഞ്ഞുമാറുകയും, ദൈവത്തേയുംദൈവികകാൎയ്യങ്ങളെയും അറിയുവാൻ താല്പൎയ്യപ്പെടുകയും ചെയ്തിരുന്നു. ഇതിനാൽ പിന്നീടു പ്രായമായശേഷം "ഞാൻ ചെറുപ്പം മുതൽ ഈശോയ്ക്കു് ഇഷ്ടപ്പെടുവാനും പുണ്യവതിയാകുവാനുമല്ലാതെ മറെറാന്നും ആഗ്രഹിച്ചിരുന്നില്ലായെന്നു അങ്ങേയ്ക്കറിയാം" എന്നു പരമാൎത്ഥതയോടെ പറവാൻ സംഗതി ആയി.

ഫ്ലൊറെൻസ് പട്ടണത്തിൽ "സന്ത അപ്പൊള്ളൊനിയാ"എന്ന വിദ്യാഭ്യാസ ഭവനത്തിൽ മാന്യയുവതികളുടെ കൂട്ടത്തിൽ പഠിച്ചുനടക്കുമ്പോൾ ഈശോയുടെ വിശുദ്ധ ത്രേസ്യായുടെസ്വരംരണ്ടുപ്രാവശ്യം തന്നെ കർമ്മെലീത്താസഭയിലേയ്ക്കു ക്ഷണിക്കുന്നതായി കേട്ടു. ഈ സ്വൎഗ്ഗീയക്ഷണത്തിനനുസരണമായി സകല വിഘ്നങ്ങളെയും ധൈൎയ്യസമേതം ജയിച്ചു് 1765 മാർച്ചു് 11-ൽ ഫ്ലൊറെൻസ് പട്ടണത്തിലുള്ള കർമ്മെലീത്താ മഠത്തിൽചേൎന്നുസഭാവസ്ത്രം സ്വീകരിക്കയും ഈശോയുടെ തിരുഹൃദയത്തിൻെറ ത്രേസ്യാമൎഗ്ഗരീത്താഎന്നനാമംധരിക്കയുംചെയ്തു. നമ്മുടെഭാഗ്യപ്പെട്ടവളുടെ പുണ്യജീവിതം ആമഠത്തിലുണ്ടായിരുന്നഏററം ഭക്തിതീക്ഷ്ണതയുള്ള കന്യാസ്ത്രീകളെയും വിസ്മയിപ്പിച്ചിരുന്നു. ഏകാന്തം, തപസ്സ്, ഈശോയുടെ തിരുഹൃദയഭക്തി, ദൈവജനനിയുടെ നേരെയുള്ള ഭക്തി എന്നിതുകളിൽ വിശേഷാൽ പ്രശോഭിച്ചിരുന്നു.

കുറഞ്ഞകാലംകൊണ്ടു പുണ്യപൂൎണ്ണതയുടെ അഗ്രത്തിൽഎത്തുകയുണ്ടായി. സന്യാസവ്രതാനുഷ്ഠാനത്തിന്നുശേഷംനാലാമത്തെആണ്ടിൽ, അതായതു ൨൩-വയസ്സിൽനടക്കയിൽ 1770 മാർച്ച 7-നു- ഉച്ചകഴിഞ്ഞു മൂന്നു മണിക്കു മരണംപ്രാപിക്കയും ചെയ്തു. മരണസമയത്തുതന്നെ പല അത്ഭുതങ്ങൾ സംഭവിച്ചു. ശവസംസ്കാരത്തിൻെറശേഷം ൧൬-ാം ദിവസം ഫ്ലൊരെൻസ് മെത്രാപ്പോലീത്താ തിരുമേനിയുടെയും മററനേകം പേരുടെയും മുമ്പാകെ കവറിടം തുറന്നു നോക്കിയപ്പോൾ ശരീരം അക്ഷയമായിരിക്കുന്നതും അതിൽ നിന്നു പരിമളം പുറപ്പെടുന്നതും കണ്ടു സകലരും അതിശയിച്ചു. ഈ ഭാഗ്യപ്പെട്ട കന്യകയുടെ മാദ്ധ്യസ്ഥതാൽ പലൎക്കും ഓരോവിധ നന്മകൾ ലഭിച്ചു. എന്നാൽ ഈ കടശികാലങ്ങളിൽ സംഭവിച്ച പല വലിയ അത്ഭുതങ്ങൾമൂലം ദൈവം ഈ പുണ്യവതിയേയും തിരുസഭയേയും മഹത്വപ്പെടുത്തുവാൻ തിരുമനസ്സായിരിക്കുന്നുഎന്നു തെളിവായി. ആകയാൽ 1929 ജൂൺ 9—ൽ ൧൧-ാംപീയൂസ് മാർപ്പാപ്പായാൽ ഭാഗ്യപ്പെട്ടവൾ എന്നു പേർ വിളിക്കപ്പെടുകയും, അൾത്താരിയിൽ വണക്കത്തിനായി സ്ഥാപിക്കപ്പെടുകയും ചെയ്തു. ഇപ്പോഴും അഴിയാതിരിക്കുന്നതായ ഈ ഭാഗ്യപ്പെട്ടവളുടെ കന്യകാശുദ്ധമായ ശരീരം ഫ്ലൊരെൻസ് പട്ടണത്തിലുള്ള കർമ്മെലീത്താ മഠത്തിൻെറ പ്രാൎത്ഥനമുറിയിൽ പൂജ്യമായി സൂക്ഷിക്കപ്പെടുന്നു.

# മെക്സിക്കോയിലെ നില.

(ശ്രീമാൻ വി. സി. ജോർജ് ബി. ഏ.)

സമാധാനസ്ഥാപനത്തിനായി മെക്സിക്കൻ പ്രെസിഡെണ്ടും വൈദികാധ്യക്ഷന്മാരും തമ്മിൽ നടത്തിയ ആലോചനായോഗം മംഗളമായി പര്യവസാനിച്ചുയെന്നുള്ള സംഗതി കത്തോലിക്കാലോകം മുഴുവനിലും ചാരിതാൎത്ഥ്യജനകമാണല്ലൊ. എന്നാൽ മെക്സിക്കൻ കാൎയ്യങ്ങളെപ്പററി ആലോചിയ്ക്കുന്നവർ ഒരുകാൎയ്യം ധരിക്കേണ്ടതുണ്ട്. അത് കത്തോലിക്കാസഭക്കെതിരായുണ്ടായിരുന്ന മെക്സിക്കോയിലെ ചട്ടങ്ങൾ റദ്ദാക്കപ്പെട്ടിട്ടില്ലെന്നുള്ളതത്രെ. കത്തോലിക്കർ നിർവിഘ്നം മതാരാധന നടത്തുന്നതിനും, പള്ളികൾ പണിയിക്കുന്നതിനും, പള്ളിസ്വത്തുക്കൾ അനുഭവിയ്ക്കുന്നതിനും, മതോപദേശം നടത്തുന്നതിനും, വൈദികസഭകളോ യോഗങ്ങളൊ സ്ഥാപിക്കുന്നതിനും മെക്സിക്കോയിൽ പാസ്സായിട്ടുള്ള പല ചട്ടങ്ങളും അനുവദിയ്ക്കുന്നില്ല. നേരെമറിച്ചു പല ചട്ടങ്ങളും വിരോധിയ്ക്കുകയാണ് ചെയ്യുന്നത്. ഈ ചട്ടങ്ങൾ റദ്ദാക്കാതിരിക്കുന്ന കാലത്തോളം മതപീഡനത്തിനുള്ള മൂലം മാറുന്നില്ല. ഭരണകൎത്താക്കളുടെ ഗതിവിശേഷംപൊലെ ചട്ടങ്ങൾ മർദ്ദനത്തിന്നുപയോഗിക്കുകയൊ അഗണ്യങ്ങളാക്കി തള്ളുകയൊ ചെയ്യാം. ഈകാൎയ്യം ആലോചിച്ചുകൊണ്ടു് മെക്സിക്കൊയിലെ കത്തോലിക്കാ വൈദികന്മാരിലും അൽമേനികളിലും ഒരു വലിയഭാഗം പ്രസ്തുതചട്ടങ്ങളെ റദ്ദാക്കുകയാണ് സമാധാനസ്ഥാപനകാൎയ്യമായി ചെയ്യേണ്ടതെന്നു ശഠിക്കാതിരുന്നില്ല. ഒരു ജാതീയസഭ സ്ഥാപിക്കാൻ ചില ഗവർമെണ്ടധികാരികൾ ഒരുങ്ങുകയും അമേരിക്കൻ പ്രോട്ടസ്റ്റണ്ടുകാരിൽചിലർ ആ സംരംഭത്തെ സഹായിക്കയും ചെയ്യുതുകൊണ്ടു പ്രസ്തുത വാദത്തിൻെറ യുക്തി ആദരണീയമാണ്. എങ്കിലും പള്ളികൾ പൂട്ടിക്കിടക്കുന്നതും മതാരാധനകൾ മുടങ്ങിയിട്ടുള്ളതും ആലോചിച്ചു പള്ളികൾ തുറക്കുന്നതിലേക്കും മതകൎമ്മങ്ങൾ തുടരുന്നതിലേക്കും വേണ്ടവ്യവസ്ഥകൾ തൽക്കാലം ചെയ്യേണമെന്നും അങ്ങിനെവിശ്വാസത്തിനും സഭാചാരത്തിനും പററിയിട്ടുള്ള ഇടിവുകൾ പരിഹരിക്കപ്പെട്ടന്നതൊട്ടുകൂടി മതദ്രോഹകരമായ ചട്ടങ്ങൾ അസ്ഥിരപ്പെട്ടുകിട്ടിയാൽ മതിയെന്നും ചിലൎക്കഭിപ്രായമുണ്ടായി.

പരിശുദ്ധ സിംഹാസനം ഈ വിപരീതാഭിപ്രായങ്ങൾതമ്മിൽ വിധിപറയുവാൻ ഇടയാകയും രണ്ടാമത്തെ അഭിപ്രായത്തെ അംഗീകരിക്കുകയും ചെയ്യുയെന്നാണ് കാണുന്നതു്. ഇതനുസരിച്ചു ചട്ടങ്ങൾ റദ്ദാക്കുന്നില്ലെങ്കിലും അവ വ്യാഖ്യാനിയ്ക്കുന്നതിൽ സാരമായ ഭേദഗതി ഗവർമെണ്ടു സ്വീകരിച്ചിരിക്കുന്നു. "സഭയുടെ നിൎവ്വിഘ്നമായ ജീവിതത്തിനും സ്വാതന്ത്ര്യത്തിനും" ഉപകരിക്കുന്ന വ്യാഖ്യാനമേ നിയമങ്ങൾക്കു കല്പിക്കുകയുള്ളുവെന്നു ഗവർമെണ്ടു ഭാഗത്തുനിന്നു സമ്മതിക്കുകയും ആ സമ്മതം സ്വീകരിച്ചുകൊണ്ടു പള്ളികൾ തുറന്ന് കൎമ്മങ്ങൾ തുടരുമെന്നു ദലഗാദ അപ്പസ്തോലിക്കാ റൂയിസ് ഇ. ഫ്ലോരസ് തീർച്ചപ്പെടുത്തുകയുമാണ് ചെയ്തിട്ടുള്ളതു്. മതവിരോധ നിയമങ്ങളെ റദ്ദാക്കുന്നതിലെക്കു മെത്രാന്മാരും പട്ടക്കാരും ജനങ്ങളുംചേൎന്നു ധാരാളം ഭീമഹർജികൾ കൊടുത്തിട്ടുണ്ട്. അവ അനുസരിച്ചു കാലതാമസത്തോടുകൂടിയായാലും തീരുമാനമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നതു്. ഇപ്പോൾ പള്ളികൾ തിരിച്ചുവാങ്ങുന്ന ബഹളമാണ് മെക്സിക്കോയിൽ സൎവ്വത്ര നടക്കുന്നതു്. പത്തൊ പന്ത്രണ്ടൊ അൽമേനികളും ഇടവകയിലെ വൈദികരുംകൂടി രാഷ്ട്രീയാധികാരികളുടെ പക്കൽ ചെല്ലണമെന്നാണ് വ്യവസ്ഥ. അങ്ങിനെചെല്ലുമ്പോൾ പ

ള്ളി സൂക്ഷിപ്പുകാരെന്ന നിലയിൽ വർത്തിക്കുന്ന രാഷ്ട്രിയാധികാരികൾ പള്ളിസ്വത്തുക്കളുടെയും സാമാനങ്ങളുടെയും പട്ടിക ഇവരെ കാണിക്കണം. അതു തൃപ്തികരമായാൽ പള്ളി തിരിച്ചേൽക്കാം. എന്നാൽ പട്ടക്കാരൻ മെക്സിക്കോയിൽ ജനിച്ച ആളായിരിക്കേണ്ടതും ആ വിവരം കാണിച്ചു തന്റെ പേരു റജിസ്റ്റർ ചെയ്യേണ്ടതും ആണ്. അടച്ചുപൂട്ടിക്കിടന്നിരുന്ന പള്ളികളിൽ ഒരു വലിയഭാഗവും ഈ വിധം തിരിച്ചെടുക്കപ്പെട്ടു. അവയിൽ മുറയ്ക്കു വൈദികകർമ്മങ്ങൾ നടത്തിവരുന്നു. ജനങ്ങളും ആത്മീയപാലകന്മാരും തമ്മിലുള്ള പുനർദർശനം എത്രകണ്ടു് സന്തോഷജനകമായിരിക്കുമെന്നു് ഊഹിക്കുകയാണു് നല്ലതു്. മൂന്നുകൊല്ലത്തെക്കു ഒളിച്ചോടി നടന്നശേഷം ആരുമറിയാതെ ജനതാമദ്ധ്യത്തിൽ പ്രത്യക്ഷനായ ഗ്വാഡലജാറാ മെത്രാപ്പോലീത്തായും സകലരുടെ വിസ്മയവിഷയമായതിൽ അത്ഭുതത്തിന്നവകാശമില്ല. റൂയിസ് മെത്രാപ്പോലീത്തായുടെ വസതിയിൽ മററുള്ളവക്കു യാതൊരു മുന്നറിവും കൊടുക്കാതെയാണു് ഇദ്ദേഹം ചെന്നതു്. അവിടെ അനേകശതം ആളുകൾ സംഗതിവശാൽ കൂടിയിട്ടുണ്ടായിരുന്നു. മെത്രാപ്പൊലീത്തായെ മനസ്സിലാക്കി ചിലർ മുട്ടുകുത്തുകയും മോതിരം മുത്തുകയും ചെയ്യുന്ന അവസരത്തിലെ തിക്കും തിരക്കും എന്തുപറയേണ്ടു. തന്റെ ഗൂഢവാസത്തെപ്പററി അദ്ദേഹം ഒരു വിവരണം നൽകി. ആറുപ്രാവശ്യം താൻ ഭടന്മാരിൽനിന്നും കഷ്ടിച്ചു രക്ഷപെട്ടതായി പ്രസ്താവിച്ചു. സൈറെറക്കാസ് അതൃത്തിയിൽ ആയിരിക്കുകയിൽ ആയിരം ഗവർമെണ്ടു് ഭടന്മാർ ഇദ്ദേഹത്തെ അന്വേഷിച്ചവിടെ എത്തുകയുണ്ടായി. അദ്ദേഹം ഒരു ആലയിൽ ഒളിച്ചിരിക്കുകയിൽ ഭടന്മാർ ആ സ്ഥലം പരിശോധിക്കുകയുണ്ടായെങ്കിലും ദൈവഗത്യാ അവർ ഇച്ഛാഭംഗത്തോടുകൂടി മടങ്ങുകയാണു് ചെയ്തതു്.

ഓറൊസ്കോ മെത്രാപ്പോലീത്തായെ ജീവനോടെയൊ ശവമായൊ കൊണ്ടുവരുന്നതിന്നു് ഒരിക്കൽ പതിനായിരം ഭടന്മാർ നിയുക്തരായി. അദ്ദേഹത്തിന്റെ സംസ്ഥാനമായ ജലീസ്കോയിലെ കുന്നുകൾക്കിടയിൽ ധാരാളം ഗുഹകൾ ഉണ്ടായിരുന്നതിനാൽ ഗവർമെണ്ടിന്റെ ശ്രമം ഫലിച്ചില്ല. ഒരു ഗുഹയിൽനിന്നു് മറെറാന്നിലേക്കു ആവശ്യംപോലെ മാറിമാറി സഞ്ചരിക്കുകയിൽ തന്റെ അജഗണത്തിന്റെ ആത്മീയോപകാരത്തിനായി ഇടയലേഖനങ്ങൾ അയക്കാറും ഉണ്ടായിരുന്നു. ചെറിയ ഒരു ടയിപ്പ്റയിട്ടർ യന്ത്രം അദ്ദേഹം കൂടെക്കൊണ്ടുപോയിരുന്നതു് ഉപയോഗിച്ചത്രെ ലേഖനങ്ങൾ രചിച്ചതു്. അമ്പതു കത്തോലിക്ക യുവാക്കന്മാരുടെ ഒരുസംഘവും ഇദ്ദേഹത്തിന്റെ അകമ്പടിയായി സമീപപ്രദേശങ്ങളിൽ പാർപ്പുണ്ടായിരുന്നു. ആ ധീരന്മാർ അഹോരാത്രം പ്രയത്നിച്ച് സൈന്യങ്ങളുടെ സഞ്ചാരങ്ങളെപ്പററി മനസ്സിലാക്കുകയും മെത്രാപ്പോലീത്തായെ ആവശ്യംപൊലെ സ്ഥലംമാററിനയിക്കുകയും തവണമാറി ഗാട്ടുനിൽക്കുകയുമായിരുന്നു ഇവരുടെ ചുമതല. ഓറൊസ്കോ മെത്രാപ്പോലീത്തായുടെ അനുഭവങ്ങൾക്കു കിടനിൽക്കത്തക്ക അനുഭവങ്ങൾ എത്രയെത്രപേക്കു മെക്സിക്കോയിലെ മതപീഡനകാലത്തുണ്ടായിട്ടുണ്ടു്! ജനസമുദായങ്ങൾക്കിടയിൽ മദ്ധ്യസ്ഥനും മാനുഷികമനസ്സിന്നധിനാഥനുമായ ദൈവത്തിൽനിന്നു് മാത്രമെ മെക്സിക്കോയിൽ പരിപൂർണ്ണമായ സമാധാനം സ്ഥാപിക്കപ്പെടുകയുള്ളുവെന്നതിനാൽ നമുക്കു അതിന്നായി പ്രാർത്ഥിക്കേണ്ട ചുമതല ഇനിയും ഉണ്ടു്.

# സച്ചിന്താവലി.

(ക. നി. മൂ. സ ബ. മാണിക്കത്തനാർ)

അത്യന്തവിത്തമിയലും മനുജന്നുമപ്പോൾ
നിത്യം പ്രസന്നജമശിപ്പൊരു ദീനനും നീ
(സാക്ഷാൽ
സത്യംവിടാതെയൊരുപോലെ വിധിയ്ക്കു,
കൃത്യം നിനക്കിതു ധരിയ്ക്കുക ധർമ്മബുദ്ധേ!
(രം
പാത്താലുമത്ഭുത! മൊരേകമപൂക്തിവൈ
തിത്താശ്രുമൈത്രിമനുജൎക്കു വളത്തിടുന്നു
(നി-
വാത്താവിശേഷരസനാന്വിത സത്പ്പുമാ
പ്പാത്താരിനത്യധികനന്മവരുത്തിടുന്നു.

വല്ലായ്മയററുസകലൎക്കുമൊരിഷ്ടനായി-
ട്ടുല്ലാസമോടിഹ വസിക്കണമെങ്കിലും, നീ
എല്ലാരിലുംസുകൃതിയാമൊരുവന്നു മാത്ര-
(ടൊല്ലാ.
മല്ലാതെനിൻെറ സചിവാഖ്യകൊടുത്തി

സത്യപ്രതിജ്ഞതിരളുന്നൊരുമിത്രമോത്താ
ലത്യന്തശക്തികലരുന്നൊരു കോട്ടതന്നെ
സ്തുത്യർഹനാമവനെയാർലഭിച്ചുവോ?സ-
മ്മത്യർഹമാംനിധിയവന്നുകരസ്ഥമല്ലോ.

വിശ്വസ്തമിത്രസമമായൊരുവസ്തുവിന്നി-
വിശ്വത്തിലില്ല കരുതീടുക ചാരുബുദ്ധേ!
(ലും
ശശ്വൽപ്രഭാവിലയ ഹേമമഹാദ്രിപോ
വിശ്വസ്തതയ്ക്കു കിടനില്ക്കുകയില്ലതെല്ലും.
(നാൽ
ധീമാനൊരുത്തനിതി സമ്മതി വന്നുവെ
പ്രേമാദരത്തൊടവിടേയ്ക്കുടിവെയ്ക്കുവേഗം
(ൽ
അമാനുഷൻെറപടിനിമ്പദംഘർഷണത്താ
തേമാനമാന്നു ലഘുവാകുകതന്നെവേണം.

അന്യായമൊക്കെയടിയോടെയടിച്ചുടയ്ക്കാ-
നന്യാദൃശം വിഭവമില്ലനിനക്കിതെന്നാൽ
മാന്യാധികാരപദമോഹമിരിപ്പതെന്തി-
നന്യാധികാരിയവയൊക്കെ നടത്തിടട്ടെ.
(നി
ചിന്താമയത്തൊടുവസിപ്പൊരുമർത്ത്യനേ
(ല്ലാ
ഹന്താൽമദിച്ചു കളിയാക്കി ഹസിച്ചിടൊ
എന്താമുദർച്ചയഥതാഴ്ചയുമക്കമിബ്ഭു-
ഭൃത്തായദൈവമിവനോക്കിയിരിയ്ക്കുമൂലം.
നേയും
തെററിച്ചിടാതെ പണിചെയ്‌വൊരുഭൃത്യ
(യും
കൊററിന്നുവേണ്ടിയലയുന്നൊരു ദീനനേ
മാററിത്തമാന്വലയാതെ തുണയ്ക്കു;ദുഃഖം
മാററിക്കളഞ്ഞു കഴിയുംപടിരക്ഷചെയ്ക.
(ന്നാൽ
മക്കൾക്കു നീ ജനകനെന്നൊരവസ്ഥയാ
(ണം
തക്കത്തിൽനല്ല പരിശിക്ഷണമേകിടേ
ണ്ടൊക്കും വളൎന്നുബലമേറുവതിന്നുമുമ്പെ
വെക്കംകുനിയ്ക്കുക കഴുത്തയി!ബുദ്ധിപൂർവ്വം.

ശക്തിയ്ക്കു ചേൎന്നവിധമിജ്ജഗദീശനേ നീ
ഭക്തിയ്ക്കുഭംഗമണയാതെ നമിച്ചിടേണം
മുക്തിയ്ക്കു വശ്യകരണീയ,മഖണ്ഡ്യമാകും-
യുക്തിയ്ക്കുമേററമനുകൂലമതെന്നു സിദ്ധം
ഭീമതപമേറുമവസാനമഹന്നിശം നീ-
(കൊണ്ടാൽ
യോമൽത്തനൂജ! തവ ചയ്യിയിലോൎത്തു
(നായ്
നീമത്തനായ് കലുഷമേതിലുമുൾപ്പെടാ
ക്കാമംനിനക്കണവുമുള്ളിലുദിയ്ക്കുകില്ലോ.

---

## ഭാഗ്യമായിരിപ്പാനുള്ള വിദ്യ.

ലോകത്തിൽ മനുഷ്യരെല്ലാവരും ഭാഗ്യമായിരിപ്പാൻ ആഗ്രഹിക്കുന്നുണ്ട്. വലിയഅറിവോ ബുദ്ധിസാമൎത്ഥ്യമോ ഒന്നുമല്ല അതിലേക്കുവേണ്ടത്. ഒരുചെറിയ ശാസ്ത്രമേ അതിനായി അറിഞ്ഞിരിക്കേണ്ടതുള്ളു. അതുമററൊന്നുമല്ല. മനസ്സാക്ഷിയെ സമാധാനത്തിൽ സൂക്ഷിച്ചുകൊള്ളുകഎന്നുള്ളതുതന്നെ. അതിനു ഒരു മാൎഗ്ഗമേയുള്ളു. ദൈവത്തെ ഉപദ്രവിക്കാതിരിക്കണം. പാപം ചെയ്യാതിരിക്കണം. പാപത്തോടുകൂടിയിരിക്കുന്നവനു സമാധാനവുമില്ല. ഭാഗ്യവുമില്ല.

# അയർല്ലണ്ടിലെ കത്തോലിക്കർ.

## ശതാബ്ദാഘോഷ ചടങ്ങുകൾ.

(ശ്രീമാൻ കെ. ഈ. ജോബ് എം. എ. എൽ. ടി.)

ബ്രിട്ടീഷ് പാതക ചലിച്ചുകൊണ്ടിരുന്ന ഭൂഭാഗങ്ങളിൽ കത്തോലിക്കജനതയ്ക്കു പൌരാവകാശ പുനപ്രാപ്തിയുണ്ടായിട്ടു ഒരു നൂറുകൊല്ലം തികയുന്ന ഈ സംവത്സരത്തെ അയർലണ്ടിലെ കത്തോലിക്കർ എത്രത്തോളം സന്തോഷത്തോടും ആഹ്ളാദനത്തോടും ഉത്സാഹത്തോടുംകൂടിയാണെന്ന് ഇക്കഴിഞ്ഞ ജൂൺ മാസാവസാനത്തോടുകൂടി ആഘോഷിച്ചുകഴിഞ്ഞിരിക്കുന്നതെന്നു വിദേശ പത്രങ്ങളിൽനിന്നു മനസ്സിലാക്കാവുന്നതാണെ്. അയർലണ്ടിന്റെ തലസ്ഥാനമായ ഡബ്ലിൻ നഗരത്തിലുള്ള ഫിനിക്സ് പാർക്ക് എന്ന മനോജ്ഞതരമായ മൈതാനപ്രദേശത്തിൽ അതിവിസ്തൃതവും ഗംഭീരാകാരവും ആയ ഒരു ബലിപീഠം സജ്ജീകരിക്കുകയും അയതിൽവച്ച് ജൂൺ 23-ാംനു ആഘോഷപൂർവ്വകവും ഭക്തിസംവർദ്ധകവുമായ ഒരു വിശുദ്ധ പൂജാർപ്പണം നടത്തപ്പെടുകയും ചെയ്കയുണ്ടായി. അയർലണ്ടിലെ ഒട്ടനേകം കത്തോലിക്ക വൈദികാദ്ധ്യക്ഷരും ഓരായിരത്തിൽപരം വൈദികരും ഈ ആഘോഷങ്ങളിൽ പങ്കുകൊള്ളുകയുണ്ടായി എന്നുപറഞ്ഞാൽ അയതിന്റെ മാഹാത്മ്യത്തെപ്പറ്റി വളരെയധികം പ്രസ്താവിക്കാതെ കഴിച്ചുകൂട്ടാവുന്നതാണല്ലോ. ഐറിഷ് കത്തോലിക്ക ജനതയുടെ ഏതാദൃശ സന്തോഷ പ്രദർശനങ്ങളിൽ ഭാഗഭാക്കാകുന്നതിനു തിരുസഭാദ്ധ്യക്ഷനായ മാർപ്പാപ്പാതിരുമനസ്സുകൊണ്ടു അത്യന്തം ഉൽക്കണ്ഠയോടുകൂടിയിരുന്നുവെന്നുള്ളതിലേക്കുള്ള പ്രധാനലക്ഷ്യം അദ്ദേഹം ഈ അവസരത്തിൽ അവരുടെ പേർക്കു ഒരു സ്വഹസ്തലിഖിതം ഒരു മെത്രാപ്പോലീത്താവശം കൊടുത്തയച്ചിട്ടുള്ളതും, കത്തോലിക്ക വിമോചന ശതവത്സരപൂർത്തിസ്മാരകമായി ഒരു ദണ്ഡവിമോചനം അയർലണ്ടിൽ പ്രഖ്യാപനം ചെയ്തിട്ടുള്ളതുമാകുന്നു. ഏതത്സംബന്ധമായ ചടങ്ങുകളിൽ ഏറ്റം പ്രധാനമായതു് ഫീനിക്സപാർക്കിൽ ഒരു വാരത്തേക്കു തുടർച്ചയായി നടന്നുകൊണ്ടിരുന്ന പണ്ഡിതന്മാരുടെ പ്രഭാഷണങ്ങളായിരുന്നു. അയർലണ്ടിന്റെയും കത്തോലിക്ക സഭയുടെയും ഏതൽകാലപര്യന്തമുള്ള ചരിത്രഭാഗങ്ങളെ വിശദീകരിച്ചും, അയർലണ്ടിന്റെ ഭൂതകാലദുരദൃഷ്ടങ്ങളെയും അവളുടെ വീരസന്താനങ്ങളുടെ ധർമ്മസമരങ്ങളേയും വിശദീകരിച്ചുമുള്ള പ്രസ്തുത പ്രഭാഷണങ്ങൾ സാക്ഷാൽ മതാഭിമാനജനകവും ദേശഭക്തി പ്രദ്യോതകവും ആയിരുന്നുവെന്നു വിശേഷാൽ പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. അന്നേദിവസം ഡബ്ലിൻപട്ടണത്തിൽ മാത്രമല്ല അയർലണ്ടിലെ ഒട്ടുമിക്കഭാഗങ്ങളിലും താദൃശമായ ആഘോഷങ്ങളും പ്രഭാഷണങ്ങളും നടന്നുകൊണ്ടിരുന്നതായിക്കാണുന്നു. സകല സ്ഥലങ്ങളിലുമുള്ള പ്രസംഗപീഠങ്ങളിൽനിന്നും ജയഭേരിയോടുകൂടി നിർഗ്ഗളിക്കപ്പെട്ട ഏകനാമധേയം വിമോചകനായ ഡാനിയേൽ ഒക്കോണൽ എന്ന മഹാന്റേതായിരുന്നു.

അത്ഭുതപൂർവ്വമായവിധത്തിൽ ഈ ദൃശാഘോഷങ്ങൾ അയർലണ്ടിന്റെ സകലഭാഗങ്ങളിൽനിന്നും പുറപ്പെടുന്നതിനുള്ള കാരണമെന്താണെന്നാണ് ഇനിയും നമുക്കു പര്യാലോചിക്കേണ്ടതു്. ഇക്കാര്യം ശരിയായി മനസ്സിലാക്കണമെന്നുണ്ടെങ്കിൽ ഒരു ശതവത്സരത്തിനു മുൻപു അയർലണ്ടിന്റെസ്ഥിതി ഏതുവിധത്തിലായിരുന്നുവെന്നു പരിശോധിക്കേണ്ടതു് അത്യാവശ്യമായിരിക്കുന്നു. അക്കാലങ്ങളിൽ രാഷ്ട്രീയമായും സാമുദായികമായും മതാത്മകമായുംഉള്ള നി

രവധി അവശതകൾ ഐറീഷ് കത്തോലിക്ക ജനത്തിനുണ്ടായിരുന്നു.

ഒരു വ്യക്തിക്കെന്നതുപോലെതന്നെ ഒരു രാഷ്ട്രത്തിനും സ്വനാസാരന്ധ്രങ്ങളിലെ ശ്വാസോച്ഛ്വാസംപോലെ അനർഘമായിട്ടുള്ള ഒരു സമ്പാദ്യമാണല്ലോ സ്വാതന്ത്ര്യം. എന്നാൽ പതിനാറാംശതകാരംഭംമുതൽ ഇംഗ്ലീഷ് ജാതിക്കാരിൽനിന്നു അയർലണ്ടുകാൎക്കു ലഭിച്ചുകൊണ്ടിരുന്ന രാഷ്ട്രിയ സമ്മർദ്ദങ്ങളുടെ നിർദ്ദയത്വം വാചാമഗോചരംതന്നെ ആയിരുന്നു. ഇംഗ്ലണ്ടിൽ അന്നുണ്ടായിക്കൊണ്ടിരുന്ന രാഷ്ട്രിയ പരിവർത്തനങ്ങളനുസരിച്ച് അയർലണ്ടിലെജനങ്ങൾ തങ്ങളുടെ രാഷ്ട്രിയ ഹിതാഹിതങ്ങളെ വ്യതിചലിപ്പിക്കാതിരുന്നു എന്നുള്ള ഏക കുററത്തിനു എത്രയോ നിർദ്ദോഷികളും നിസ്സഹായരുമായ അബലകളും ശിശുക്കളും വൃദ്ധവൈദികരുമാണ് നിഷ്കണ്ടകന്മാരായ ഇംഗ്ലീഷ് ഭടജനങ്ങളുടെ ശൂലാഗ്രത്തിന്നിരയായി തീർന്നിട്ടുള്ളതെന്ന് ഇക്കഴിഞ്ഞമാസത്തിൽ ഫീനിക്സ്പാൎക്കിൽ നടന്ന മി. ലൂയീവാഷിൻെറ പ്രസംഗത്തിൽ സവിസ്തരം പ്രസ്താവിച്ചിരുന്നു. ആങ്ഗ്ലേയഭടന്മാരുടെ സ്വഛന്ദ പീഡനത്തിനു ഐറീഷ്കാർ സ്വയം വിധേയരാകുന്നതിനു യാതൊരു വിഘ്നവും സംഭവിക്കാതിരിക്കുന്നതിലേക്കുള്ള ഒരു പൂൎവ്വോപായമോ എന്നു സംശയിക്കത്തക്കരീതിയിൽ അയർലണ്ടുകാർ യുദ്ധോപകരണങ്ങൾ ഉപയോഗിച്ചുക്രൂടാ എന്നൊരുനിയമം അവരുടെ ഭരണകൎത്താക്കളായ ഇംഗ്ലീഷ്കാർ അവരുടെമേൽ വരുത്തിവച്ചു. അയർലണ്ടിലെ ഒരു പട്ടണം പിടിച്ചടക്കുന്ന അവസരത്തിൽ ഇംഗ്ലീഷ്ഭടന്മാർ സ്വയരക്ഷാൎത്ഥം പരിശകളായി ഉപയോഗിച്ചതു് അയർലണ്ടിലെ ചെറുശിശുക്കളെ ആയിരുന്നത്രെ. വേറൊരവസരത്തിൽ നിസ്സഹായരായ 300 സ്ത്രീകളേയും ഇംഗ്ലീഷ്ഭടന്മാർ കൊന്നൊടുക്കി തൂപ്പുയടഞ്ഞുകളഞ്ഞുപോലും!! വയോവൃദ്ധനായ ഒരു വൈദികൻ ദീനശയ്യയെ അവലംബിച്ചുകിടന്നിടത്തുനിന്നും പബ്ളിക്കറോഡിൽക്രൂടി കൊണ്ടുപോകുകയും പട്ടാളക്കാർ അദ്ദേഹത്തെ ശക്തിമത്തായ കുറുവടിപ്രഹരംകഴിച്ചു എല്ലുകൾ ഒടിച്ചു വഴിമദ്ധ്യേ ഇട്ടുംവച്ചു പോകയും ചെയ്തു്, ഇതിനേക്കാൾ എത്രയോ ഭയങ്കരതരമായ ഒരു സംഭവമാണ്!!! അയർലണ്ടിൻെറ രാഷ്ട്രിയ സ്വാതന്ത്ര്യത്തെ എടുത്തുകളഞ്ഞു്, അവളുടെ അരുമസന്താനങ്ങളെ നികൃഷ്ടതമമായ ഏതാദൃശ ദുഷ്കൃത്യങ്ങൾക്കധീനമാക്കിയിരുന്ന പൂൎവ്വകഥാസ്മരണ സ്വാതന്ത്ര്യപ്രാപ്തരായ ആധുനിക ഐറീഷ് ജനതക്കു് എന്തെല്ലാം ചിത്തവൃത്തികളെയാണ് ഉല്പാദിപ്പിക്കുന്നതെന്നുള്ളതു ഊഹഗോചരമാണല്ലൊ.

അയർലണ്ടുകാൎക്കു ഒരു നൂററാണ്ടുമുൻപു സാമുദായികമായി ഉണ്ടായിരുന്ന നിലയെന്താണെന്നാലോചിച്ചു നോക്കുന്നപക്ഷം അശ്രുകണങ്ങൾപൊഴിക്കാത്ത ശിലാഹൃദയന്മാർ വളരെ ചുരുങ്ങും. മനുഷ്യനെ മൃഗീയാവസ്ഥയിൽനിന്നും ഉയൎത്തി അവനെ ഒരു ഉൽകൃഷ്ടജീവിയാക്കിത്തീൎക്കുന്നതു മനഃപരിഷ്കാരമാണല്ലൊ. എന്നാൽ അയർലണ്ടിലെ ജനങ്ങൾ വിദ്യാഭ്യാസം ചെയ്തുക്രൂടാ എന്നു് അക്കാലത്തെ ബ്രിട്ടീഷ് ഗവൎമ്മേൻറു അവരെ നിരോധിച്ചിരുന്നുഎന്നുള്ളതോൎക്കുമ്പോൾ ഈ നിൎഭാഗ്യ ജനതയുടെ ദയനീയസ്ഥിതി ഊഹിച്ചുകൊള്ളുകയാണു ഉത്തമം. ക്രിസ്ത്വാബ്ദം ആറുംഏഴും നൂററാണ്ടുകളിൽ യൂറോപ്പുഖണ്ഡത്തിൻെറ ഉത്തരഭാഗങ്ങളിൽക്രൂരകാട്ടാളന്മാരായ ഗോത്സ്,വാൻഡൽസ്എന്നീമ്ലേഛവൎഗ്ഗങ്ങൾസംഹാരജലംപോലെ പ്രവഹിച്ചു് പരിഷ്കാരചിഹ്നങ്ങളെ നാമാവശേഷമാക്കിയിരുന്ന അവസരത്തിൽ ശാസ്ത്രകലാദികളെ ഉദ്ദീപിപ്പിച്ചു കൊണ്ടിരുന്ന അയർലണ്ടിലെ വിദ്വജ്ജന സന്താനങ്ങൾക്കു ഈസാമുദായികവിപത്തു തീർച്ചയായും അസഹനീയമായി തോന്നിയേക്കണം. ഇതു ക്രൂടാതെയും സമുദായാഭിവൃദ്ധിക്കും സന്മാൎഗ്ഗവൎദ്ധനവിനും അത്യന്താപേക്ഷിതമായ ധന സമ്പാദന മാൎഗ്ഗങ്ങൾ പോലും അയർലണ്ടുകാൎക്കു അവരുടെ ഭരണ കൎത്താക്കൾ അനുവദിച്ചുകൊടുക്കുകയുണ്ടായില്ല. സ്വദേശികളുടെ ഭൂസ്വത്തുകൾ കണ്ടുകെട്ടി പ്രോട്ടസ്റ്റൻറുകാരായ ബ്രിട്ടീ

ഷ്കാർ കൊട്ടത്തശേഷം, ഉടമസ്ഥരെ നാട്ടകടത്തുകയും, കവർച്ചക്കാരുടെ ഭൃത്യന്മാരാക്കുകയും ചെയ്യുന്നതിൽ അക്കാലത്തെ ബ്രിട്ടീഷ്കാർ തെല്ലും മടിച്ചില്ലത്രെ! തൽഫലമായി മുൻപു ഹരിതപൂർണ്ണമായി പ്രശോഭിച്ചിരുന്ന അയർലണ്ടു ദേശം കേവലം കണ്ടകവനസമ്പൂർണ്ണമായ ഒരു മരുഭൂമിയായിച്ചമഞ്ഞുപോയി പോലും. ഓലിവർ ഗോൾഡ്സ്മിത്ത് എന്ന സുപ്രസിദ്ധ ആംഗ്ലേയകവി, ഈ വസ്തുതയെ ഉദാഹരിക്കുന്നതിനായിട്ടാണ് "The Deserted Village" എന്ന പേരിൽ ഒരു ഖണ്ഡകാവ്യമെഴുതിയിട്ടുള്ളതു്. തൻമൂലം അതിഘോരഘോരമായ ക്ഷാമങ്ങൾ പ്രതിവർഷമെന്നതു പോലെ ആ രാജ്യത്തിൽ ഉണ്ടായിക്കൊണ്ടിരുന്നു. ഇതുകണ്ടു സഹിക്കാൻ പാടില്ലാതെയാണ് (Dean Swift) സ്വിഫ്റ്റ് എന്ന പ്രോട്ടസ്റ്റൻറു പാദ്രി അയർലണ്ടിലെ മാതാക്കളോടു് തങ്ങളുടെ ഓമനക്കുഞ്ഞുങ്ങളെ ചന്തയിൽ കൊണ്ടുപോയി നരഭോജികളായ ഇംഗ്ലീഷ്കാർക്ക് വില്ക്കുന്നതിനുപദേശിച്ചിട്ടുള്ളതു്. തങ്ങളുടെ പിതാക്കന്മാർ അതീതകാലങ്ങളിൽ അനുഭവിച്ചിട്ടുള്ള ഏതാദൃശ സങ്കടങ്ങളെ ആധുനികഅയർലണ്ടുകാർ ഏതുവിധത്തിലുള്ള മനോവികാരങ്ങളോടുകൂടിയാണ് സ്മരിക്കുന്നതെന്നുള്ളതു് ചിന്തനീയമാണല്ലൊ.

എന്നാൽ അയർലണ്ടിലെ ജനങ്ങൾക്ക ഈദൃശ ദുരദൃഷ്ടങ്ങൾ സംഭവിക്കാനിടയായതെന്തു കൊണ്ടാണെന്നു ചോദിക്കുന്ന പക്ഷം ആയതിനുള്ള ഏകകാരണം അവരുടെ കത്തോലിക്കമതമാണെന്നു മനസ്സിലാകുന്നതാണ്. എങ്ങനെയെങ്കിലും ഐറീഷ് ജനതയേ കത്തോലിക്കാസഭയുടെ പിടിയിൽനിന്നും വിട്ടുവിക്കണമെന്നുള്ളതല്ലാതെ മറ്റൊരുദ്ദേശ്യവുംബ്രിട്ടീഷ് ഗവമ്മെൻറിനു അക്കാലത്തുണ്ടായിരുന്നതായി പ്രത്യക്ഷപ്പെട്ടന്നില്ല. കത്തോലിക്ക സഭോച്ചാടനത്തിനു വേണ്ടി ചെയ്യപ്പെട്ട ഒരു നിയമപ്രകാരം എല്ലാമെത്രാപ്പോലീത്താമാരും മെത്രാന്മാരും വികാരിജനറാളന്മാരും ജസ്വീത്ത് വൈദികരും സന്യാസികളും നാട്ടകടത്തപ്പെട്ടകയുണ്ടായി. 1708-മാണ്ടിൽ രണ്ടു മെത്രാന്മാർമാത്രം അയർലണ്ടിൽ അനുവദിക്കപ്പെട്ടു. ജാതീയ സഭയായായി അവിടെ അംഗീകരിക്കപ്പെട്ടതു് ഇംഗ്ലണ്ടിൽ നിന്നും ഇറക്കുമതി ചെയ്യപ്പെട്ട പ്രോട്ടസ്റ്റൻറു സഭ ആയിരുന്നു. കത്തോലിക്കർ തങ്ങളുടെ ദിവ്യമായ ധർമ്മോപദേശങ്ങളെ കൈവെടിയാതിരുന്നതുകൊണ്ടു അവർക്ക സകലവിധമായ പൌരാവകാശങ്ങളും നഷ്ടപ്പെട്ടു. വാസ്തവത്തിൽ ഐറിഷ്ജാതി മുഴുവനും സത്യമതസംരക്ഷണാർത്ഥം രക്തസാക്ഷിത്വം സ്വീകരിച്ചതായി വിചാരിക്കേണ്ടിയിരിക്കുന്നു.

ഈദൃശമായ അന്യായ ഭരണത്തിനു് ഏതാണ്ടു് ഒരവസാനമുണ്ടായിക്കഴിഞ്ഞിട്ടു് ഒരുനൂറുകൊല്ലം കഴിയുന്ന ഈ അവസരത്തിൽ അയർലണ്ടിലെകത്തോലിക്കജനങ്ങൾ അഭൂതപൂർവ്വമായ ആഘോഷങ്ങൾ നടത്തുന്നതിൽ എന്താണ് അത്ഭുതം?

## എൻെറ കർത്താവേ! എൻെറ ദൈവമേ!

ദിവ്യപൂജയിൽ പട്ടക്കാരൻ മിശിഹാ കർത്താവിൻെറ തിരുശ്ശരീരവും തിരുരക്തവും എഴുന്നെള്ളിച്ചുയർത്തുന്നസമയം വിശ്വാസികൾ തലകുനിഞ്ഞു സാഷ്ടാംഗനമസ്കാരം ചെയ്യുകയെന്നതു് എല്ലായിടത്തും നടപ്പിലിരിക്കുന്ന ഒരു മുറ അത്രെ. എന്നാൽ ആ സമയത്തു് തിരുഓസ്തിയേയോ, തിരുകാസായേയോ നോക്കിയാൽ ദൈവത്തിനു വേണ്ടതായ ആരാധന തങ്ങൾ ചെയ്യുന്നില്ലായെന്നു് ഭയപ്പെട്ടിട്ടോ എന്നു തോന്നുമാറു്, ചിലയാളുകൾ കുമ്പിട്ടുതന്നെ കിടക്കുന്നു. നിഷ്കപടരായ ആളുകൾ ഇപ്രകാരം വിചാരിക്കുന്നതു് ഭോഷത്വമല്ലെങ്കിലും ഒ

രിക്കലും ഇതു് ശ്ലാഘനീയമോ അനുകരണീയമോ അല്ല.

വിശുദ്ധ കത്തോലിക്കാപള്ളിയുടെ അഭീഷ്ടത്തെയാണല്ലൊ നാം അനുഷ്ഠിക്കേണ്ടതു്. നാം ഭക്തിയോടുകൂടി വി. കുൎബാനയെ നോക്കണംഎന്നാണു് നമ്മുടെ മാതാവു് ആഗ്രഹിക്കുന്നതു്. അല്ലാഞ്ഞാൽ എന്തിനായിട്ടാണു് ഓസ്തിക്രൂദാശ ചെയ്യതിന്റെ ശേഷം പട്ടക്കാർ ജനങ്ങൾക്കെല്ലാവൎക്കും കാണത്തക്കവിധത്തിൽ ഉയൎത്തണം എന്നു് തിരുസഭ നിശ്ചയിച്ചിരിക്കുന്നതു്?

ഭാഗ്യസ്മരണാൎഹനായ പത്താം പീയൂസ് മാൎപ്പാപ്പാ, ദിവ്യകാരുണ്യം എഴുന്നള്ളിച്ചുയൎത്തുന്ന സമയത്തോ, പരസ്യമായി അരുളിക്കയിൽ സ്ഥാപിച്ചിരിക്കുമ്പോഴൊ പരിശുദ്ധ കുൎബാനയെ നോക്കിക്കൊണ്ടു 'എന്റെ കൎത്താവേ, എന്റെ ദൈവമേ!' എന്ന സുകൃതജപം ചൊല്ലുന്നവൎക്കു 7 വൎഷത്തെ ദണ്ഡവിമോചനം കല്പിച്ചനുവദിച്ചിട്ടുണ്ടു്. ഇതുകൂടാതെ ഈ ഭക്തകൃത്യം മുടങ്ങാതെ ഒരാഴ്ചചെയ്തു് കുമ്പസാരിച്ചു ശു. കുൎബാന കൈക്കൊണ്ടാൽ പൂൎണ്ണദണ്ഡവിമോചനവും ലഭിക്കാവുന്നതാണു്.

ദിവ്യകാരുണ്യകൎത്താവിനെ ദൎശിക്കുമ്പോൾ മിശിഹായുടെ ദൈവികത്വത്തെ നാം ഏററുപറയുകയാണു് ചെയ്യുന്നതു്. 'എന്റെ കൎത്താവേ, എന്റെ ദൈവമേ!' എന്നുവിശുദ്ധ തോമ്മാശ്ലീഹാ പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ നേത്രങ്ങളെ കീഴ്പോട്ടു തിരിക്കാതെ ദിവ്യഗുരുവിന്റെ നയനങ്ങളിലേക്കു തന്നെ തിരിച്ചിരുന്നു. ആകയാൽ കുൎബാന എഴുന്നള്ളിച്ചുയൎത്തുന്ന സമയത്തുംവാഴ്വിന്റെ നേരത്തും പരിശുദ്ധ കുൎബാന പരസ്യമായി സ്ഥാപിച്ചിരിക്കുന്ന എല്ലാ അവസരങ്ങളിലും വിശ്വാസത്തോടും സ്നേഹത്തോടുംകൂടി തിരുഓസ്തിയെ നമുക്കു നോക്കുകയും വി. തോമ്മാശ്ലീഹായോടുകൂടി 'എന്റെ കൎത്താവേ, എന്റെ ദൈവമേ!' എന്നു പറയുകയും ചെയ്യാം.

# ചെറുപുഷ്പസഹോദരികൾ.

## അമേരിക്കനായ ഫാദർ ഡോളന്റെ സന്ദൎശനവിവരങ്ങൾ.

## VIII.

### ഗെറിനുമായുള്ള സന്ദൎശനം. (തുടൎച്ച)

(റവ. ഫാദർ എജീദിയോസ്, സി. ഡി.)

ഫാ. ഡോളൻ- നിങ്ങൾ ചെറുപുഷ്പവുമായി ദിവസവും സ്കൂളിൽ പോയിരുന്നില്ലേ? അവിടെയ്ക്കുപോകും വഴിക്കു്, രേഖപ്പെടുത്തത്തക്ക വല്ല സംഭവവും നടന്നതായി നിങ്ങൾ ഓൎക്കുന്നുണ്ടോ?

ഗെറീൻ- സ്വല്പനേരം ചിന്താമഗ്നയായിനിന്നശേഷം ഉവ്വു് വളരെ വിനോദകരമായഒരു സംഭവം നടന്നതായിഞാൻ ഓൎക്കുന്നുണ്ടു്. അതു അവൾതന്നെ സ്വയംകൃതചരിത്രത്തിൽ വിവരിച്ചിട്ടുണ്ടു്. അതു ഇങ്ങനെയാണു്. "ഒരു ദിവസം ഞങ്ങൾ സ്കൂളിൽ നിന്നു വീട്ടിലേക്കു മടങ്ങുകയായിരുന്നു. മരിയയും ചെറുപുഷ്പവും എന്നെയും എന്റെകൂടെ ഉണ്ടായിരുന്ന ഒരു പെൺകുട്ടിയേയും പുറകിൽ ഇട്ടുംവെച്ചു മുമ്പേനടന്നുപോയി. അവർ വീട്ടിൽ എത്തുന്നതിനു മുമ്പുതന്നെവഴിക്കുവെച്ചു വനവാസികളുടെ കളിതുടങ്ങണമെന്നു രണ്ടുപേരും കൂടിതീരുമാനിച്ചു. ഉടനെ ചെറുപുഷ്പം രണ്ടു കണ്ണുകളും അടച്ചുകൊണ്ടു് 'മരിയേ എന്നെ നടത്തിക്കൊള്ളുക,' എന്നു പറഞ്ഞു. അ

പ്പോൾ മരിയ ചെറുപുഷ്പത്തോട് 'ഞാനും എന്റെ കണ്ണുകൾ അടയ്ക്കുവാൻ പോകയാണ്' എന്നു പറഞ്ഞു. അതിന്റെശേഷം അവൾ കൈകൾ കോർത്തു പിടിച്ചു അന്ധ അന്ധയെ വഴികാട്ടി നടന്നുതുടങ്ങി. ഈ സ്ഥിതിയിൽ അവർ അധികം നടക്കുന്നതിനു മുമ്പുതന്നെ ഒരു പീടികയുടെ വാതുക്കൽ എത്തുകയും പീടികക്കാരൻ സാമാനംപൊക്കി വെച്ചിരുന്ന ഒരു ബന്ധത്തിന്മേൽ ശക്തിയായി ചെന്നുമുട്ടുകയും ചെയ്തു. ഉടൻ സാമാനങ്ങൾ എല്ലാം മറിഞ്ഞു താഴെവീണു ചിതറി. കോപാഗ്നി എരിയുന്ന കണ്ണുകളെ തുറിച്ചുപിടിച്ചുകൊണ്ട് ഉടമസ്ഥൻ പുറത്തു ചാടി. നമ്മുടെ വനവാസികൾ അടച്ചിരുന്ന കണ്ണുകളെ നല്ലവണ്ണം തുറന്നുപിടിച്ചു, സാമാനനഷ്ടത്താൽ കോപവെറി പൂണ്ട പീടികക്കാരന്റെ ദൃഷ്ടിയിൽ നിന്നു പക്ഷിവേഗം പാഞ്ഞു മറഞ്ഞു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ." അനന്തരം വേറേ പല സംഭവങ്ങളും പറഞ്ഞുകേൾപ്പിച്ചു. അതു നമുക്ക് ഏവർക്കും സുപരിചിതങ്ങളാകയാൽ അവയെ ഇവിടെ വിസ്തരിക്കാതെ വിട്ടുകളയുന്നു.

വീണ്ടും ഞാൻ അവളോട്- ചെറുപുഷ്പത്തിന്റെ സഹപാഠിയായ നിങ്ങൾക്ക് അവൾ വളരെ സഹായം ലഭിച്ചുതരുന്നില്ലേ?

ഗാരി- ധാരാളം തരുന്നുണ്ട്. എന്നാൽ ശേഷംപേർക്കു കൊടുക്കുന്നതുപോലെയുള്ള ശാരീരിക സഹായങ്ങൾ അവളുടെ സംബന്ധക്കാർക്ക് അവൾ ലഭിച്ചുകൊടുക്കുന്നില്ല. അവർക്ക് ആദ്ധ്യാത്മിക സഹായങ്ങളാണ് അധികം കൊടുക്കാറുള്ളത്. ഉദാഹരണമായി എനിക്കു അധികം സമ്പത്തു നൽകിയിട്ടുണ്ട്. പക്ഷേ അവയെ ഞാൻ അനുഭവിക്കുന്നില്ല. എന്റെ പ്രിയ സഹോദരി മരിച്ചു. സ്നേഹ ഭർത്താവും ചരമഗതി അടഞ്ഞു. ഈ വലിയ വീട്ടിൽ ഈ വയസ്സുകാലത്തു എനിക്ക് കൂട്ടായിട്ടു ഈ അനാഥശിശുവിനെ സ്വീകരിക്കേണ്ടതായും വന്നുകൂടി. എന്നാൽ അവൾ ജീവിച്ചതുപോലെ ഈ ലോകത്തിനെന്നതിനെക്കാൾ പരലോകത്തിനായിട്ടു ജീവിക്കുന്നതിനുള്ള ആഗ്രഹം എനിക്കു അവൾ ലഭിച്ചുതന്നിരിക്കുന്നു. ഇതുകൊണ്ട് ഞാൻ വളരെ സന്തോഷിച്ചിരിക്കുകയാണ്. ഞാൻ വേറൊന്നും അവളോട് ആവശ്യപ്പെടുന്നില്ല. അവളുടെ മരണശേഷം അവൾ ഒന്നുകൂടെ എന്നോട് അടുത്താണ് താമസിക്കുന്നത് എന്നുള്ള ഏക വിചാരം എനിക്ക് വളരെ ആശ്വാസത്തെ പ്രദാനം ചെയ്യുന്നുണ്ട് എന്നു പറഞ്ഞു.

അതിന്റെശേഷം എന്റെ കൈയ്യിൽ ഉണ്ടായിരുന്ന ഒരു പടം കാണിച്ചുകൊണ്ട്, അതിൽ കൈയ്യൊപ്പുവെച്ചുതരണമെന്നു ആവശ്യപ്പെട്ടതനുസരിച്ച് അവൾ അതു വാങ്ങി "അങ്ങേയുടെ ദിവ്യ പൂജയിലും അമേരിക്കയിലെ ചെറുപുഷ്പ സഖ്യാംഗങ്ങളുടെ പ്രാർത്ഥനകളിലും എന്നെ മറക്കരുത്. ജീൻഗൌരിൻ" എന്നു കൈയ്യൊപ്പുംവെച്ചു മടക്കിത്തന്നു. ഞങ്ങൾ അവൾക്കു ഉപകാരസ്മരണ ചെയ്തു സ്ഥലം വിടുകയും ചെയ്തു.

സമയം അതിക്രമിച്ചിരിക്കുന്നു. അടുത്തതവണ ചെറുപുഷ്പത്തിന്റെ ഉപാദ്ധ്യായിനിആയ 'സിസ്റ്റർ പ്രാൻസീസ് ദേസാലേസു" എന്ന ബെനദിക്തൻ സന്യാസിനിയെ സന്ദർശിച്ചവിവരം പറഞ്ഞുകേൾപ്പിക്കാം.

## കേരളീയ
# കത്തോലിക്കരുടെ ചുമതല.

(നസ്രാണിദീപിക.)

പാപ്പായുടെ ആധിപത്യം സംബന്ധിച്ചു മിസ്റ്റർ ഐ. സി. ചാക്കൊ ബി. എ. ബി. എസ്. സീയും മിസ്റ്റർ കെ. എൻ. ഡാനിയലും തമ്മിൽ നടന്ന വാദപ്രതിവാദം പലരും പ്രതീക്ഷിക്കാതിരുന്ന ഒരു അവസ്ഥയെ പ്രാപിച്ചു കഴിഞ്ഞിരിക്കുന്നു. മിസ്റ്റർ ചാക്കോയേയും മിസ്റ്റർ ചാക്കോയുടെ പ്രസാധകനായ മിസ്റ്റർ ഫെർനാണ്ടസിനേയും പ്രതികളാക്കി മിസ്റ്റർ ഡാനിയൽ കേസ് ഫയലാക്കിയിട്ടുള്ള സംഗതി കേരളത്തിൻെറ നാനാഭാഗങ്ങളിലും ഇപ്പോഴേക്കും അറിഞ്ഞിട്ടുണ്ടായിരിക്കണം. കേസിലെ വാദിപ്രതികളുടെ നൈയാമികമായനിലയെപ്പററി ഞങ്ങൾ ഇവിടെ ചർച്ചചെയ്യേണ്ട ആവശ്യമില്ല. ഇപ്രകാരമുള്ള ഒരു വ്യവഹാരം കേരളത്തേ സംബന്ധിച്ചിടത്തോളം ഇദംപ്രഥമമാകകൊണ്ടു അതിൻെറ പരിണാമത്തിൽ ന്യായമായ ജിജ്ഞാസ പലർക്കും ഉണ്ടാകാമെങ്കിലും കേസു കേരളത്തിലെ കത്തോലിക്കാ സമുദായത്തെ എങ്ങിനെ ബന്ധിക്കുമെന്നുള്ളതാണ് ഇവിടെ ഞങ്ങൾക്കു ഉൽബോധിപ്പിക്കാനുള്ളതു്. മി. ചാക്കോ മി. ഡാനിയേലിനെതിരായി രണ്ടു ലഘുലേഖകൾ പ്രസിദ്ധം ചെയ്തിട്ടുണ്ടു്. ഈ വക ഗ്രന്ഥനിർമ്മാണം ഖ്യാതിസമ്പാദനത്തിന്നായി മി. ചാക്കോ സമാരംഭിച്ചതാണെന്നു ആരും വിചാരിക്കാനില്ല. മിസ്റ്റർ ചാക്കോയെപ്പോലെ ഭാഷാനൈപുണിയും അഗാധജ്ഞാനവും സാഹിത്യമർമ്മജ്ഞതയും ഉള്ള ഒരാൾക്കു ഗ്രന്ഥകർത്താവെന്നു് പേരെടുക്കുവാൻ, കത്തോലിക്കാ മതവിരോധികളുടെ ചവററുകൊട്ട പ്രസിദ്ധീകരണങ്ങളുടെ ഉള്ളിൽ നിന്നു് ചുഴിഞ്ഞെടുത്തവകകൾക്കു നിറംകൊടുത്തുണ്ടാക്കിയ ഒരു ഗ്രന്ഥംനിമിത്തമാകേണമെന്നില്ല. അങ്ങിനെയുള്ള ഒരു ഗ്രന്ഥത്തിൻെറ സഹായം കൂടാതെതന്നെ കേരളത്തിലെ ഗ്രന്ഥകാരന്മാരുടെ മുന്നണിയിൽ നില്ക്കുന്നതിന്നു് അർഹത നൽകുന്ന അനേകം ഗ്രന്ഥങ്ങൾ രചിക്കുവാൻ മിസ്റ്റർ ചാക്കോയ്ക്കു പാണ്ഡിത്യമുണ്ടു്. എന്നിട്ടും ഗ്രന്ഥകാരയശഃപ്രാർത്ഥിയാകാതിരുന്ന മി. ചാക്കോ പ്രസ്തുതലഘുലേഖകൾ പ്രസിദ്ധം ചെയ്തതു് എന്തുകൊണ്ടാണെന്നാണ് ഓരോ കത്തോലിക്കനും തന്നോടുതന്നെ ചോദിപ്പാനുള്ളതു്. മി.ഡാനിയേലിനു് വിരോധമായി തൂലികയെടുത്ത മററു തത്വവാദികളെപ്പോലെ കത്തോലിക്കാ മതത്തിൻെറ അഭിമാനവും യശസ്സും പരിരക്ഷിക്കാനാണെന്നുള്ളതാണ് ചോദ്യത്തിനു കിട്ടുന്ന ഉത്തരം. മി. ചാക്കോയുടെ മതഭക്തിയും സത്യവിശ്വാസത്തിലുള്ളമത്രെ അദ്ദേഹത്തെ ഈ സദുദ്യമത്തിനു പ്രേരിപ്പിച്ചതു്.

കത്തോലിക്കാമതത്തിൻെറ യശസ്സിനെ പരിപാലിക്കാൻ ശ്രമിച്ച മി. ചാക്കോ ഓരോ കത്തോലിക്കൻെറ യശസ്സിനേയും ആത്മാഭിമാനത്തെയും രക്ഷിക്കുന്നതിനുത്സാഹിച്ചുവെന്നുള്ളതിനു സംശയമില്ല. മിസ്റ്റർ ഡാനിയൽ 'പാപ്പായുടെ ആധിപത്യം' മുതലായ കത്തോലിക്കാതത്വങ്ങളെ അടിസ്ഥാനരഹിതങ്ങളാക്കി കാണിക്കാനാണ് പ്രവത്തിച്ചതു്. അദ്ദേഹത്തിൻെറ ആ പ്രവൃത്തി അദ്ദേഹത്തിൻെറ സമുദായത്തിനു പ്രത്യക്ഷത്തിൽ ഉപകാരം വരുത്തുന്നതെന്നു പറഞ്ഞുകൂടാ. മാർത്തോമ്മാ സമുദായത്തിൽ പെട്ടവക്കു പാപ്പായുടെ അധിപത്യം നിഷേധിക്കണമെന്നില്ല. പ്രത്യുത പാപ്പായുടെ ആധിപത്യത്തെ താങ്ങുന്ന ന്യായങ്ങൾക്കു വില കല്പിക്കുന്ന പലരും ആ സമുദായത്തിൽ ഉണ്ടു്. എന്നാൽ മിസ്റ്റർ ചാക്കോയുടെ പ്രവൃത്തി വിപുലതരമായ ഫലത്തെ ചെയ്യുന്നതാണ്. അതു സമുദായം മുഴുവനും വ്യാപിക്കുന്നു. ഓരോ കത്തോലിക്കനും അതിനാൽ സ്പൃഷ്ടനാണ്. ആകയാൽ ഓരോ കത്തോലിക്ക

നും കൃതജ്ഞതാപാശംകൊണ്ടു് അദ്ദേഹത്തോടു ബന്ധിതരാകേണ്ടതാണു്.

ഒന്നുരണ്ടു സംവത്സരങ്ങൾക്കു മുമ്പു ഇംഗ്ലണ്ടിൽ കത്തോലിക്കാ തത്വപരിരക്ഷണം സംബന്ധിച്ചു ഇപ്രകാരമുള്ള വാദപ്രതിവാദങ്ങളും വ്യവഹാരവും ഉണ്ടായതായിഓർക്കുന്നുണ്ടു്. ജനനനിയന്ത്രണം സംബന്ധിച്ചു ഡാക്ടർ മെറിസ്റ്റോഫ്സ് എഴുതിയ ഒരു പുസ്തകത്തിലെ ഏതാനും ഭാഗങ്ങളെ ഖണ്ഡിച്ചു ഡാക്ടർ സണ്ടർലാണ്ടു എന്ന കത്തോലിക്കാമതാഭിമാനി ഒരു പുസ്തകം പ്രസിദ്ധം ചെയ്തു. ഖണ്ഡനം അപകീർത്തികരമാണെന്നു ഡാക്ടർ സ്റ്റൊഫ്സ് തീരുമാനിച്ചു്, ഡാക്ടർ സണ്ടർലാണ്ടിനേയും പ്രസാധകനായ മി. പാറനെയും പ്രതികളാക്കി അന്യായം കൊടുത്തു. ഈ വ്യവഹാരത്തെ ഇംഗ്ലണ്ടിലെ കത്തോലിക്കാസമുദായം ഡാക്ടർ സണ്ടർലാണ്ടിനെ സംബന്ധിക്കുന്നതായി പരിഗണിച്ചില്ല. ഡാക്ടർ സണ്ടർലാണ്ടിൻെറ അഭിമാനം കത്തോലിക്കാസമുദായത്തിൻെറതാണെന്നും അദ്ദേഹത്തിൻെറ പരാജയം കത്തോലിക്കാ സമുദായത്തിൻെറ പരാജയമാണെന്നും പരിഗണിച്ചു് സമുദായ പ്രമാണികൾ ധനശേഖരം നടത്തുകയും അഭിഭാഷകന്മാരെ ഏല്പിച്ചുകയുംകേസു സംബന്ധിച്ച ചുമതല ഏതാണ്ടു തങ്ങൾ തന്നെ കയ്യേററവിധത്തിൽ പെരുമാറുകയും ചെയ്തു. കർദ്ദിനാൾ ബൗൺ തിരുമനസ്സുകൊണ്ടു ധനശേഖരത്തിനു വിശ്വാസികളെ പ്രേരിപ്പിച്ചു പരസ്യകല്പന അയക്കുകയുണ്ടായി. ഡോക്ടർ സണ്ടർലാണ്ടിനും കൂട്ടുപ്രതിക്കും ശിക്ഷയുണ്ടായില്ലെന്നു മാത്രമല്ല അവരുടെ കോടതിച്ചെലവു ഡോക്ടർ സ്റ്റോഫ്സ് കൊടുക്കുന്നതിനുവിധിയുണ്ടാകയും ചെയ്തു.

ഡാനിയൽ ചാക്കോ കേസിൽ കേരളീയകത്തോലിക്കാ സമുദായത്തിനുള്ള ചുമതലഇംഗ്ലണ്ടിലെ ഈ ദൃഷ്ടാന്തംവേണ്ടവിധം വിളിച്ചറിയിക്കുന്നുണ്ടു്. മി. ചാക്കോയിക്കു ധനമോ ശക്തിയോ പോരാഞ്ഞിട്ടല്ലസമുദായത്തിൻെറസഹകരണം അപേക്ഷണീയമായിരിക്കുന്നതു്. സമുദായാംഗങ്ങൾക്കു സ്വകൃത്യനിർവ്വഹണം എന്തെന്നുള്ള ബോധം വന്നിട്ടുണ്ടെന്നു ലോകസമക്ഷം വെളിപ്പെടുത്തുവാനും അവരുടെ ആത്മാഭിമാനം അപഹാസ്യമാകാതിരിക്കാനും വേണ്ടിയാണു്. അതുകയാൽ കേരളീയ കത്തോലിക്കരേവരുടേയും സവിശേഷമായ ശ്രദ്ധയെ ഈ വിഷയത്തിലേക്കു ഞങ്ങൾ ഒരിക്കൽക്കൂടെ ക്ഷണിച്ചുകൊള്ളുന്നു.

# വത്തിക്കാൻ പ്രതിനിധി.

(റോമ്മാ ലേഖകൻ.)

ഇററലിയിലേക്കു് ഇദംപ്രഥമമായി വത്തിക്കാൻപ്രതിനിധിയായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന മൊൺ. ബൊർഗോഞ്ഞീനി ദൂക്കാ ഇററാലിയൻ രാജാവുമായുള്ള കൂടിക്കാഴ്ച കഴിഞ്ഞു നിജകൃത്യങ്ങളിൽ പ്രവേശിച്ചിരിക്കുന്നു.നിയമനപത്രങ്ങൾ രാജാവിൻെറ പക്കൽ സമർപ്പിക്കുന്ന കർമ്മം വളരെ ഭംഗിയായി കഴിഞ്ഞു. വിക്ടർ എമ്മാനുവെൽ തിരുമനസ്സുകൊണ്ടു സാൻറൊസോറെയിൽ നിന്നു ഈ കർമ്മത്തിനായി റോമായിലേക്കു വരികയുണ്ടായി. വിയാ നോമെന്താനായിൽ സ്വന്തവസതിയിൽ നിന്നു മൊൺ. ദൂക്കാ കപിറീനാൽ കൊട്ടാരത്തിലേക്കു സവാരി ചെയ്കയിൽ മാർഗ്ഗമദ്ധ്യേ തിക്കിക്കൂടി ആർപ്പുവിളിച്ചും മംഗളമാശംസിച്ചും സന്തോഷപ്രകടനം നടത്തിയ ആൾക്കൂട്ടത്തിനു് കണക്കില്ല. രാജകൊട്ടാരത്തിൽ നിന്നു് അയച്ചുകൊടുക്കപ്പെട്ട രഥങ്ങളിലാണു് മൊൺ ദൂക്കായും പരിവാര

വും സവാരിചെയ്തു്. അകമ്പടി ഭട ന്മാരും അയക്കപ്പെട്ടിരുന്നു. കൊട്ടാരത്തിൽ എത്തിയയുടനെ പുതിയ പ്രതിനിധി യഥായോഗ്യം സൈനികമായ ബഹുമാനങ്ങളോടുകൂടി സ്വീകരിക്കപ്പെട്ടു. സ്ഥാനപതികളുടെ ശാലയിൽ വെച്ചു മഹാരാജാവുതന്നെ മോൺസിഞ്ഞോറിനെ സ്വീകരിച്ചു. രാജകൊട്ടാരത്തിലെ സിവിൽ സൈനികരും എത്തി. വകുപ്പുകളിലെ പ്രധാന ഉദ്യോഗസ്ഥന്മാരെല്ലാം അവിടെ സന്നിഹിതരായിരുന്നു. തലകുനിച്ചു മൂന്നുപ്രാവശ്യം ആദരവു് പ്രദർശിപ്പിച്ചശേഷം നിയമനപത്രം മോൺ. ഡ്യൂക്കാ രാജാവിനു സമർപ്പിച്ചു. പ്രസ്തുത പ്രമാണം ലത്തീനിൽ എഴുതി പരിശുദ്ധ പിതാവു് ഒപ്പിട്ടതായിരുന്നു. ഇതിനെ തുടൎന്നു രാജാവും മോൺസിഞ്ഞോറുമായി അര മണിക്കൂറുനേരത്തേക്കു രഹസ്യ സംഭാഷണം നടത്തി. ഇതിനുശേഷമാണു് തൻെറ സിക്രട്ടറി മുതലായവരെ മോൺസിഞ്ഞോർ, തിരുമനസ്സിലേക്കു പരിചയപ്പെടുത്തികൊടുത്തതു്. ചീഗികൊട്ടാരത്തിൽ ചെന്നു മോൺസിഞ്ഞോർ ഡ്യൂക്കാ സിഞ്ഞോർ മുസ്സോലീനിയെ സന്ദർശിച്ചതാണു് പിന്നത്തെ പ്രധാന ചടങ്ങു. മോൺ. ഡ്യൂക്കാക്കു് ക്വിറിനാലിൽ ഒരു ഭാഗം ഇററലി രാജാവു് കല്പിച്ചുകൊടുത്തിട്ടുണ്ടു്. പുതിയ പ്രതിനിധി ഇതിനിടെ ഹെറാക്ലിയാ മെത്രാപ്പോലീത്തായായി വാഴിക്കപ്പെടുകയുണ്ടായല്ലൊ. അപ്പസ്തോലിക്ക കൊട്ടാരത്തിലുണ്ടായിരുന്ന അദ്ദേഹത്തിൻെറ താമസസ്ഥലം ഉപേക്ഷിച്ചിട്ടില്ല. അവിടെ തിരുമനസ്സിലെ സ്വന്ത മാതാവും സഹോദരിമാരും താമസിച്ചുവരുന്നു.

മോൺസിഞ്ഞോർ ബൊർഗൊഞ്ഞിനി ഡ്യൂക്കാ ക്വിറീനാലിൽ പ്രവേശിച്ചതിനു ശേഷമുള്ള ദിവസങ്ങളിൽ പലതും സന്ദർശനങ്ങൾക്കും പ്രതിസന്ദർശനങ്ങൾക്കുമായി വിനിയോഗിക്കുകയാണുണ്ടായതു്. പരി. പിതാവു് കല്പിച്ചു സമ്മാനിച്ച മോട്ടോർകാറിൽ, നിയമന സമൎപ്പണം നടന്നതിൻെറ പിറേറ ദിവസം അദ്ദേഹം വി. പത്രോസിൻ ദേവാലയത്തിൽ ചെന്നു അപ്പസ്തോല പ്രഭുവിൻെറ കബറിങ്കൽ ദീൎഘനേരം പ്രാൎത്ഥിച്ചു. പിന്നീടു ഗാസ്പാറി കർദ്ദിനാൾ അവർകളെ സന്ദർശിച്ചു സ്റ്റെയിററ് സിക്രട്ടറിയാഫീസിൽ ചെന്നു തൻെറ മുമ്പിലത്തെ സഹകാരികളോടു യാത്ര പറയുകയായിരുന്നു പിന്നത്തെ കൃത്യം. ക്വിറിനാലിലെ രാജ്യപ്രതിനിധികളിൽ 'മൂപ്പ'നായ ബ്രിട്ടീഷ് പ്രതിനിധിയെ പിന്നീടു സന്ദർശിച്ചു. റോമായിലെ ഗവർണർ ബൊൻകൊമ്പാഞ്ഞി ലുദൊവീച്ചി രാജകുമാരനാണു് അനന്തരം മോൺസിഞ്ഞോറിൻെറ സന്ദർശനവിഷയമായതു്. പാർളിയമെണ്ട് പ്രസിഡെണ്ടിനെ അടുത്തു സന്ദർശിച്ചു. ഇററലിയിലെ 'അജ്ഞാനഭട'ൻെറ ശ്മശാനം നൺസിയൊയും പരിവാരവും സന്ദർശിക്കുകയുണ്ടായി. മുസ്സോലീനി മുതലായ സ്ഥാനികൾ മോൺസിഞ്ഞോറെ സ്വവസതിയിൽ ആഘോഷപൂർവ്വം ചെന്നു പ്രതിസന്ദർശിച്ചുയെന്നു പറയേണ്ടതില്ലല്ലോ.

## ൧൯൨൯ കന്നിമാസത്തിലെ തിരുഹൃദയസംഭക്താരുടെ

# പൊതുനിയോഗം.

### ഇൻഡ്യയുടെ മാനസാന്തരം.

ഈ മാസത്തേയ്ക്കുള്ള ഒരു പ്രത്യേക നിയോഗമായി പരിശുദ്ധപിതാവു തിരുമനസ്സുകൊണ്ടു കല്പിച്ച നിശ്ചയിച്ചിരിക്കുന്നതു ഇൻഡ്യയുടെ മാനസാന്തരമാകുന്നു. പതിനേഴു ലക്ഷത്തിൽപ്പരം ചതുരശ്രമൈൽ വിസ്താരമുള്ള ഈ മഹാ

രാജ്യം ലോകത്തിലുള്ള വിസ്തീർണ്ണതയേറിയ പ്രദേശങ്ങളിൽ ഒന്നാണു. ഫ്റാൻസുരാജ്യത്തിന്റെ ഏകദേശം എട്ടരയിരട്ടിയും, ഇററലിയുടെ 14 ഇരട്ടിയും വലിപ്പമാണു ഇതിനുള്ളതെന്നു അറിയുമ്പോൾ ആരാണു അത്ഭുതപ്പെടാത്തതു്. ജനസംഖ്യയിലും രാജ്യം ഒട്ടും പിന്നോക്കമല്ല. മുപ്പത്തിരണ്ടു കോടിയോളം ജനം, എന്നുവച്ചാൽ ലോകത്തിൽ ആകെയുള്ളതിൽ അഞ്ചിലൊരു ഭാഗം — ഇവിടെത്തന്നെയാണു വസിക്കുന്നതു. എന്നാൽ കത്തോലിക്കാ സത്യവിശ്വാസത്തിന്റെസ്ഥിതി ഇവിടെഎന്താണെന്നുആലോചിക്കുമ്പോഴാണു സങ്കടംതോന്നുന്നതു. ക്രിസ്ത്വാബ്ദം ഒന്നാം ശതാബ്ദത്തിൽതന്നെ സത്യവേദം ഇവിടെ പ്രസംഗിക്കപ്പെട്ടു. ക്രിസ്തുവിന്റെ അപ്പസ്തോലന്മാരിൽ ഒരാളിന്റെ രക്തത്താൽ സത്യസഭ പോഷിപ്പിക്കപ്പെടുന്നതിനും ഈ രാജ്യത്തിനു ഭാഗ്യം സിദ്ധിച്ചു. എങ്കിലും ഇരുപതു നൂററാണ്ടുകളുടെ ശേഷവും, ഒരു ചെറിയ ന്യൂനപക്ഷം മാത്രമേ മ്ശിഹായുടെ സത്യസഭയിൽ ചേർന്നിട്ടുള്ളുവെന്നു ഓർക്കുമ്പോൾ ആർക്കാണു സഹതാപംതോന്നാത്തതു്. 32 ലക്ഷം കത്തോലിക്കർ മാത്രമാണു ഈ മഹാരാജ്യത്തിൽ ആകപ്പാടെയുള്ളതു്. അതിൽ എട്ടരലക്ഷത്തോളം കേരളത്തിൽ തന്നെയാണെന്നുള്ളതു പരിഗണിക്കുമ്പോൾ ബാക്കിയുള്ള സ്ഥലങ്ങളിൽ സത്യസഭാംഗങ്ങളുടെ തുക എത്ര തുച്ഛമാണെന്നൂഹിക്കാം. ഈ ദയനീയമായ സ്ഥിതിയാണു ഈ മാസത്തിൽ സാക്ഷാൽ സത്യവിശ്വാസികളുടെ പ്രാർത്ഥനയെ ഉജ്വലിപ്പിക്കേണ്ടതു്. സ്വരാജ്യത്തിനും സ്വയംഭരണത്തിനുമുള്ള ശ്രമങ്ങൾ ത്വരിതമായി നടക്കുന്നുണ്ടു്. എന്നാൽ മ്ശിഹായുടെ രാജ്യം പ്രചരിപ്പിക്കുന്നതിനുള്ള ഉദ്യമങ്ങൾ ഇനിയും പ്രബലപ്പെടുന്നില്ല. നരകശത്രു അവന്റെ ആധിപത്യം കൈവിടാതെ എങ്ങിനെ സൂക്ഷിക്കുന്നു എന്നു കണ്ടുകൊണ്ടു നാം ദൈവസ്നേഹത്താൽ എരിഞ്ഞു നമ്മുടെ രാജാവും കർത്താവുമായ മ്ശിഹായുടെ ആധിപത്യസ്ഥാപനത്തിനായി പാടുള്ളശ്രമങ്ങൾ എല്ലാം ചെയ്യണം. ഇൻഡ്യയെ ഏകമാക്കിത്തീർക്കുന്നതിനും സമാധാനപരമായ സ്വയം ഭരണത്തിനു യോഗ്യമാക്കിച്ചെയ്യുന്നതിനും സത്യവിശ്വാസം സർവ്വത്ര പരക്കുന്നതിനോളം എളുപ്പമായ മാർഗ്ഗം വേറെയൊന്നുമുണ്ടാകാനില്ല. അതിനാൽ ഇൻഡ്യയുടെ രാഷ്ട്രിയവും ആദ്ധ്യാത്മികവുമായ അഭിവൃദ്ധിയെ കാംക്ഷിക്കുന്നവരെല്ലാവരും അതിന്റെ മാനസാന്തരത്തിനു വേണ്ടിയാണു പ്രാർത്ഥിക്കേണ്ടതു്.



ഒക്ടോബർ— യഥാർത്ഥ സത്യാന്വേഷികൾ.

## അന്തിയോക്കിയാ പാത്രിയർക്കീസ്.

പരേതനായ അന്തിയോക്കിയാ പാത്രിയർക്കീസ് അപ്രേം റഹ്മാനിതിരുമനസ്സിലെക്കുപകരം അല്ലേപ്പോ മെത്രാപ്പോലീത്തയായിരുന്ന മൊൺസി. ഗാബ്രിയേൽ തപ്പൂനി തിരുമേനിയെ തിരഞ്ഞെടുത്തിരിക്കുന്നു. പാത്രിയർക്കീസിന്റെ മരണശേഷം പകരം ജോലിനോക്കിയിരുന്നതും ഇദ്ദേഹംതന്നെയാണു്. ബെയറൂട്ടിലെ ഭദ്രാസനപ്പള്ളിയിൽവെച്ചു ഏതാനുംദിവസങ്ങൾക്കുമുമ്പ് പുതിയ പാത്രിയർക്കീസുതിരുമനസ്സിലെ സ്ഥാനാഭിഷേകം ഘോഷമായി നടത്തപ്പെട്ടിരിക്കുന്നു.

# കു: നാഥയുടെ കുഞ്ഞുമക്കൾക്ക്.

## I. വി. യോഹന്നാൻ ബെക്കുമാൻസ്.

### 9. സുകൃതാഭ്യാസങ്ങൾ.

പ്രി. കുഞ്ഞുങ്ങളെ.

നമ്മുടെ ഭാഗ്യപ്പെട്ട മദ്ധ്യസ്ഥൻ സന്യാസത്തിൽ പ്രവേശിച്ചിട്ടു അഞ്ചുവൎഷം മാത്രമെ ജീവിച്ചൊള്ളു. പട്ടമേല്ക്കുന്നതിനു മുമ്പുതന്നെ നിത്യഭാഗ്യത്തിലേക്കു പ്രവേശിച്ചു. ഈ അഞ്ചുകൊല്ലത്തിനിടയ്ക്കുള്ള പുണ്യവാന്റെ സുകൃതാഭ്യാസങ്ങളെപ്പററി ചുരുക്കമായിട്ടു വല്ലതും നിങ്ങളോടു പറവാനേ സാധിക്കയുള്ളു. എന്നാൽ ഒരു കാൎയ്യം പ്രത്യേകം എടുത്തു പറയേണ്ടതായിട്ടുണ്ടു്. പുണ്യവാന്റെ ജീവിതം മുഴുവൻ സാധാരണ ജീവിതമായിരുന്നു. അസാധാരണമായിട്ടുള്ള തപസ്സോ, വെളിപാടോ, അത്ഭുതങ്ങളോ, ഒന്നും വിശുദ്ധന്റെ ജീവിതത്തിൽ കാണ്മാനില്ല. സാധാരണജീവിതം അസാധാരണമായ വിധത്തിൽ കഴിച്ചു. ഇതുതന്നെയായിരുന്നു പുണ്യവാന്റെ ജീവിതരഹസ്യം.

സൎവ്വപ്രധാനമായി നമ്മുടെ അമ്മ ദേവമാതാവിന്റെ മേലുള്ള ഭക്തി വി. ബെക്കുമാൻസിൽ വിളങ്ങിയിരുന്നു. അമ്മയെന്നുമാത്രം ഈ മാതാവിനെ വിളിക്കയും ആശ്വാസനേരങ്ങളിലും മററും സദാ ഈ പരിശുദ്ധ അമ്മയെക്കുറിച്ചു മാധുൎയ്യത്തോടേ സംസാരിക്കയും ചെയ്തുവന്നു. ദിവസിൽ പല പ്രാവശ്യം ഈ അമ്മയുടെ പീഠത്തിങ്കൽ സന്ദൎശനം കഴിച്ചിരുന്നു. അമ്മയുടെ സ്വരൂപം കാണുമ്പോഴെല്ലാം തലകുനിഞ്ഞു സ്വസ്ഥി ചെല്ലുക പതിവായിരുന്നു. അമലോത്ഭവകൊന്ത ദിവസംപ്രതി ചൊല്ലിവന്നു. ശനിയാഴ്ച മാതാവിനെക്കുറിച്ചു ഒരുനേരം നില്ക്കു പതിവാക്കി. അമലോത്ഭവമാതാവിനെക്കുറിച്ചുള്ള ഒരുകാണിക്കവിശുദ്ധ കുൎബ്ബാനയുടെ മുമ്പിൽവച്ചു സ്വരക്തംകൊണ്ടു ഒപ്പിട്ടു സമൎപ്പിച്ചു. മറിയത്തെ ഞാൻ സ്നേഹിക്കുമെങ്കിൽ ഒടുക്കംവരെ നന്മയിലുള്ള നിലനില്പും നിത്യഭാഗ്യവും എനിക്കു നിശ്ചയമായി കിട്ടുമെന്നു പലപ്പോഴും പറഞ്ഞുവന്നിരുന്നു. പരിശുദ്ധഅമ്മയെ സ്നേഹിച്ചു ഊഴിയം ചെയ്തുകൊള്ളാമെന്നുള്ള പ്രതിജ്ഞ തന്റെ അദ്ധ്യാത്മിക ഡയറിയുടെ എല്ലാഭാഗങ്ങളിലും കാണാം. ഈ വിധത്തിൽ സ്വൎഗ്ഗീയ മാതാവിനെ സ്നേഹിച്ച ഒരു മകൻ അതിവേഗത്തിൽ അത്ഭുതകരമായി പുണ്യത്തിൽ വൎദ്ധിച്ചതിൽ അതിശയിപ്പാനുണ്ടോ?

അതോടുകൂടെ വി. യോഹന്നാൻ സകല പുണ്യങ്ങളിലും പരിപൂൎണ്ണത പ്രാപിച്ചു. വി. കുൎബ്ബാനയുടെ നേൎക്കുള്ള പരിശുദ്ധ ബാലന്റെ ഭക്തി വൎണ്ണിപ്പാനസാദ്ധ്യം. മദ്ധ്യസ്ഥന്മാരായ വിശുദ്ധന്മാരോടും, പ്രത്യേകിച്ചു വി. ലൂയീസിനോടുമുള്ള ഭക്തിയും, സഹപാഠികളോടുള്ള സ്നേഹവും, വിനയവും, മററുള്ളവരുടെ ആത്മരക്ഷമേലുള്ള ശുഷ്കാന്തിയും, പ്രതിദിനജോലികളിലുള്ള ഉത്സാഹവും, ഇങ്ങനെ ഓരോ സുകൃതാഭ്യാസങ്ങൾ വിവരിച്ചു തുടങ്ങിയാൽ ഈ വിവരണം വളരെ ദീൎഘിച്ചുപോകുമെന്നുള്ളതിനാൽ അതിനു തുനിയുന്നില്ല. ദൈവജനനിയുടെ സാക്ഷാൽ ഭക്തിയുള്ളവരിൽ എല്ലാ സുകൃതങ്ങളും അവശ്യമായി ഉണ്ടായിരിക്കുമെന്നു മാത്രം ചുരുക്കിപ്പറയുന്നു. പ്രി. കുഞ്ഞുങ്ങളെ, ഈ ഭക്തിയിൽ നിങ്ങളെങ്ങിനെയിരിക്കുന്നു. കുഞ്ഞുമക്കളുടെ ഈ അമ്മയെ ഹൃദയപൂൎവ്വം നിങ്ങൾ സ്നേഹിക്കുന്നുണ്ടോ? ഈ അമ്മയ്ക്കു തക്ക മക്കളായിത്തീരുവാൻവേണ്ടി മററു സുകൃതാഭ്യാസങ്ങളും ഉത്സാഹപൂൎവ്വം നടത്തിവരുന്നുണ്ടോ? എനിക്കൊരു പുണ്യവാനാകണം – പോര, വലിയ പുണ്യവാനാകണം എന്നുള്ള വി. യോഹന്നാന്റെ ആശയും പ്രതിജ്ഞയും നിങ്ങൾക്കുമുണ്ടോ? ഈ സംഗതികൾ ഇത്തവണ ആലോചിച്ചു നോക്കുക.

## II. ഈ മാസത്തെ മദ്ധ്യസ്ഥൻ:

### വി. ഈറാനീമൂസ് മല്പാൻ.

തിരുനാൾ സെപ്റ്റമ്പർ 30-ാംനു- (തിങ്കളാഴ്ച.)

നാലാം നൂററാണ്ടിൽ ജീവിച്ചിരുന്ന മഹാ വിശുദ്ധനായ ഈ സഭാപിതാവു അക്കാലത്തെ ശാസ്ത്രജ്ഞന്മാരിൽ എല്ലാംകൊണ്ടും പ്രഥമഗണനീയനായിരുന്നു. വേദപുസ്തകം ലത്തീൻ ഭാഷയിലേക്കു ഭാഷാന്തരം ചെയ്തതു് ഈ പരിശുദ്ധനാണു്. അനേകനാൾ റോമ്മായിൽ താമസിച്ചശേഷം ദിവ്യരക്ഷകൻെറ ജനനസ്ഥലമായ ബേസ്ലഹമിൽ എത്തി കഠിനതപസ്സുകൾ ചെയ്തുകൊണ്ടു ജീവിതശിഷ്ടം കഴിച്ചുകൂട്ടി. വിധിയേപ്പററി ഓർക്കുമ്പോൾ ഈ മഹാ പുണ്യവാൻെറ ദേഹമാസകലം വിറച്ചിരുന്നു എന്നു പറയപ്പെടുന്നു. പാപംചെയ്തുകർത്താവിനെ ഉപദ്രവിക്കുന്നതിനേക്കാൾ മരിക്കുന്നതിനുള്ള മനോഗുണം ഈ വിശുദ്ധ പിതാവിനോടു ഈ മാസത്തിൽ ദിവസേന അപേക്ഷിക്കുക.



തൃശ്ശൂർ മെത്രാനച്ചൻ തിരുമനസ്സുകൊണ്ടും, അവിടത്തെ ചില കെ. സി. സി. ഏ. സംഘങ്ങളും.

## III. കെ. സി. സി. ഏ. ഡയറി.

നമ്മുടെ ഏററം പ്രിയപ്പെട്ട ഒരു രക്ഷാധികാരിയായ തൃശ്ശൂർ മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു റോമയിലെത്തി പരിശുദ്ധ പിതാവിനെ സന്ദർശിക്കയും, യൂറോപ്പിലെ പല പ്രധാനസ്ഥലങ്ങളിൽ സഞ്ചരിക്കയും ചെയ്തശേഷം നാട്ടിലേക്കു തിരിച്ചിരിക്കുന്നു. ഈ മാസാവസാനത്തോടേ തിരുമേനി മടങ്ങി എത്തുന്നതാണു്. തിരുമേനി സുഖത്തോടെ വന്നു ചേരുന്നതിനായി കുഞ്ഞുമക്കൾ എല്ലാവരും പ്രാർത്ഥിക്കുമല്ലൊ.

* * *

ലോകത്തിൽ ഇപ്പോൾ ഒരു വലിയ കഷ്ടത വർദ്ധിച്ചുവരുന്നുണ്ടു്. അതുതൊഴിലില്ലായ്കയല്ലാതെ മറെറാന്നുമല്ല. കുഞ്ഞുങ്ങൾ അതു അധികം അറിയുന്നില്ലായിരിക്കാം. കാരണവന്മാർ വേലചെയ്തു വല്ലവിധത്തിലും നിങ്ങളെ പട്ടി

ണിയിടാതെ കൊണ്ടുപോകുന്നതിനാൽ നിങ്ങൾ ആകാര്യം ചിന്തിക്കുന്നേയില്ല. എന്നാൽ ആ നിലയൊക്കെ മാറിപ്പോയി. കുഞ്ഞുമക്കൾ വലിയമക്കളായി ത്തീരുന്നതിനോടെ ആകാര്യങ്ങളും അന്വേഷിച്ചുതുടങ്ങണം.

* * *

വലിയ പരീക്ഷകളുംജയിച്ച നിത്യവൃത്തിയ്ക്കുപോലും വകയില്ലാതെ ആളുകൾ ഓടിനടക്കുന്നു. ഈ പോക്കിനു ഇതെവിടെകലാശിക്കുംഎന്നു ആലോചനാശീലമുള്ളവർ ഭയപ്പെടുന്നു. അതിനാൽ വലിയ 'കുഞ്ഞുമക്കളുടെ' ശ്രദ്ധയും ഈകാര്യത്തിൽ പതിയുകതന്നെവേണം. നമ്മുടെ ഡിപ്ലോ ഏർപ്പാടു ഇതിലേക്കുള്ള ഒരുകൊച്ചുപ്രാരംഭമായിരുന്നു. പല സ്ഥലങ്ങളിലും അതു ഒരു ചെറിയ ആദായമാർഗ്ഗമായിത്തീർന്നിട്ടുമുണ്ട്. എന്നാൽ അതു എല്ലായിടത്തും എല്ലാവർക്കും ഉപയോഗപ്പെടുന്നതല്ല. അതിനാൽ വേറൊരുമാർഗ്ഗംകൂടെ ഇനി ഉപയോഗിച്ചുതുടങ്ങിയിരിക്കയാണ്.

* * *

ഇവിടത്തെ കെ. സി. വൈ. എ. വകയായി ഒരുചെറിയ ഇൻഡസ്ട്രിയൽ സ്കൂൾ ആരംഭിച്ചിട്ടുണ്ട്. കെ. സി. വൈ. എ. അംഗങ്ങളായ യുവാക്കന്മാരെ പ്രയോജനകരമായ വല്ല ജോലിയും അഭ്യസിപ്പിക്കണ മെന്നുള്ളതാണ് ഇതിൻെറ ഉദ്ദേശം. ആദ്യമായി ഇപ്പോൾ നെയിത്തുവേല പഠിപ്പിച്ചു തുടങ്ങിയിരിക്കുന്നു. മറ്റുജോലികൾക്കിടയിൽ അവനവൻെറ കുടുംബത്തേയ്ക്കു വേണ്ടവസ്ത്രങ്ങൾ ഉണ്ടാക്കി എടുക്കുന്നതിനെങ്കിലും കുടുംബാംഗങ്ങൾക്കുതന്നെ സാധിക്കയാണെങ്കിൽ എത്ര വലിയകാര്യമായിരിക്കും? കെ. സി. വൈ. എക്കാർ ശ്രമിക്കയാണെങ്കിൽ അതു സാധിക്കതന്നെചെയ്യും. ഓരോ ഇടവകയിലും ഒരു കെ. സി. വൈ. എയും ഒരു ചെറിയ നെയിത്തുയന്ത്രവും വീതം ഉണ്ടായാൽ നമ്മുടെ യുവാക്കന്മാർ സമുദായസേവനത്തിനായി എന്തുചെയ്യാൻ കഴിയുമെന്നു പ്രത്യക്ഷപ്പെടുന്നതാണ്.

* * *

അതിലേക്കു വേണ്ട ഒത്താശകളെല്ലാം ചെയ്തുതരുന്നതിനു തയാറുണ്ട്. കെ. സി. വൈ. എ. അംഗങ്ങളെ സൗജന്യമായി ഇവിടെ നെയിത്തുവേല അഭ്യസിപ്പിച്ചുകൊടുക്കുന്നതാണ്. ഒരംഗത്തെ ഇവിടെ അഭ്യസിപ്പിച്ചുകൊണ്ടുപോയിക്കഴിഞ്ഞാൽ സംഘംവകയായി ഇടവകയിൽ ഒരു ചെറിയ നെയിത്തുയന്ത്രം ഇടുന്നതിനു അത്രവിഷമം ഉണ്ടാകയില്ല. ഒന്നുരണ്ടുമാസംകൊണ്ടു നല്ലപോലെ അഭ്യാസം സിദ്ധിക്കുന്നതാണ്. രക്ഷാധികാരിയുടെ സാക്ഷ്യത്തോടുകൂടെ അപേക്ഷിച്ചാൽമതി. ഭക്ഷണചെലവിനുള്ള വകമാത്രം കരുതിക്കൊണ്ടാൽ മററു സൗകര്യങ്ങളെല്ലാം ഇവിടെയുണ്ടാക്കിക്കൊടുക്കുന്നതാണ്. പത്തുപേർക്കുമാത്രമേ ഒരേസമയത്തുപഠിക്കാൻ തല്ക്കാലം സൗകര്യമുള്ളു. ആദ്യത്തെപത്തുപേർ ഇപ്പോൾ പഠിച്ചുവരികയുമാണ്. അതിനാൽ അതുകഴിഞ്ഞു പഠിക്കാനാഗ്രഹമുള്ള കെ. സി. വൈ. എക്കാർ നേരത്തേ അറിയിച്ചു ഏർപ്പാടു ചെയ്തുകൊണ്ടാൽമതി.

* * *

പതിന്നാലുവയസ്സു കഴിഞ്ഞിട്ടുള്ള കത്തോലിക്കാ യുവാക്കന്മാർക്കെല്ലാം– കെ. സി. സി. എ. അംഗങ്ങളല്ലാതിരുന്നാലും– കെ. സി. സി. എ. മുറയനുസരിച്ചുതന്നെ കെ. സി. വൈ. എ.യിൽ ചേർന്നു ശാഖാസംഘങ്ങൾ രൂപീകരിക്കാവുന്നതാണെന്നും അറിയിച്ചുകൊള്ളുന്നു. നേരത്തേ എഴുതിഅയച്ചു അനുമതിലഭിച്ചല്ലാതെ ഇൻഡസ്ട്രിയൽ സ്കൂളിലേക്കുപഠിക്കാൻ ആരും പുറപ്പെടേണ്ടതല്ലെന്നു അറിയിച്ചുകൊള്ളട്ടെ.

* * *

കുടുംബപ്രതിഷ്ഠാകാര്യത്തിൽ ഇവിടത്തെ കുഞ്ഞുമക്കൾ ഊർജ്ജിതമായി ശ്രമം ചെയ്തുവരുന്നു. ഓരോ ഞായറാഴ്ചയും രണ്ടും മൂന്നും വീടുകൾ അവരുടെ പ്രത്യേക താല്പര്യത്താൽ പ്രതിഷ്ഠിക്കപ്പെട്ടുവരുന്നുണ്ട്. അലംകാരങ്ങളും മററും അവർതന്നെ മുന്നിട്ടുനിന്നാണു ചെയ്യുന്നതു്

* * *

ജൂലൈമാസത്തെ മത്സരവിഷയമായ ഉത്തരീയ സഭയിൽ ചേർന്നവരുടെ

പേരുകൾ ചിട്ടിയിട്ടതിൽ കാഞ്ഞിരത്താനം 287-ാംനമ്പർ ബാലസംഘത്തിലെ പി. ജെ. ജോസഫ് പൊനമ്മൽ, മൈലക്കൊമ്പ 171-ാം നമ്പർ സംഘത്തിലെ പുലിമല മത്തായിവക്കി, കുറവിലങ്ങാട്ട 38-ാം നമ്പർ ബാലികാസംഘത്തിലെ തൈപ്പറമ്പിൽ ലീലമ്മാൾ, കുമ്പളം 235-ാം നമ്പർ സംഘത്തിലെ കരീത്ര ജോസഫ് ക്ലാര എന്നിവർ സമ്മാനങ്ങൾ ലഭിച്ചിരിക്കുന്നു. പെൺകുട്ടികളാണു ഇത്തവണയും എണ്ണത്തിൽ കൂടിനിന്നിരുന്നതെന്നുള്ളതു പ്രത്യേകം എടുത്തു പറയേണ്ടതായിട്ടുണ്ട്.

* * *

സമ്മാനങ്ങൾ അയച്ചു കൊടുത്താൽ കിട്ടിയ വിവരത്തിനു ഒരു മറുപടി പോലും അയക്കാത്ത ചില കുഞ്ഞുമക്കളെപ്പറ്റി കൊച്ചച്ചനു അല്പം തൃപ്തികേടില്ലാതില്ല. നന്ദിയും കൃതജ്ഞതയും ചെറുപ്പത്തിലെ തഴക്കേണ്ടതാണ്. ആഗസ്റ്റ്മാസത്തിലെ മത്സരം 'കുസുമം' നോക്കുക. സെപ്തംബറിലേക്ക് "പരിശുദ്ധ വ്യാകുലദേവമാതാവേ, എന്റെ അമ്മേ, നിന്റെ തിരുക്കുമാരന്റെ പങ്കപ്പാടും കുരിശുമരണവും എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമെ" എന്നു ദിവസേന ചൊല്ലിക്കൊണ്ടു വരുന്നവരുടെ പേരുകളാണു അയക്കേണ്ടതു്.

* * *

വ്യാകുലമാതാവിനെ കുഞ്ഞുമക്കൾ ചെറുപ്പംമുതൽ ആശ്രയിച്ചുകൊള്ളണം. മരണനേരത്തു വ്യാകുലഭക്തി വളരെ ആശ്വാസം വരുത്തുന്നതായിരിക്കും. എനിക്കുവേണ്ടിയും അമ്മയോടു അപേക്ഷിക്കണം.

എന്നു നിങ്ങളുടെ സ്വന്തം കൊച്ചച്ചൻ.

---

## വർത്തമാനസംഗ്രഹം.

അമേരിക്കയിലെ നോത്തർദാം സർവ്വകലാശാല വകയായി നൽകപ്പെടുന്ന 'ലെത്താരെ മെഡൽ' ഇത്തവണ പ്രസിഡണ്ടുസ്ഥാനാർത്ഥിയായിരുന്ന അൽഫ്റഡ് സ്മിത്തിനു നൽകപ്പെട്ടിരിക്കുന്നു.

കത്തോലിക്കാസഭയ്ക്കുവേണ്ടി മഹത്തരമായ കാര്യങ്ങൾ നിർവ്വഹിച്ചിട്ടുള്ളതായി സർവ്വകലാശാലയ്ക്കു ബോധപ്പെടുന്ന അമേരിക്കനായ ഏതെങ്കിലും കത്തോലിക്ക അൽമേനിക്കു 1883 മുതൽ നൽകപ്പെട്ടുവരുന്ന ഒരു കീർത്തി മുദ്രയാണിതു്.

തദവസരത്തിൽ പ്രസിഡണ്ടു ഹൂവർ അവർകളും കാർഡിനൽ ഹെയിസ് തിരുമനസ്സുകൊണ്ടും മി. സ്മിത്തിനെ അനുമോദിക്കുകയുണ്ടായി. കർദ്ദിനാൾ തിരുമനസ്സുകൊണ്ടു ഇങ്ങനെയാണു തന്റെ പ്രസംഗം അവസാനിപ്പിച്ചതു്: അമേരിക്കൻ പൌരനും, അമേരിക്കൻ രാജ്യതന്ത്രജ്ഞനും, ക്രിസ്തീയമാന്യനും, ഉൽകൃഷ്ട മിത്രവും, ദിവ്യഗുരുവിന്റെ വിശ്വസ്ത അനുയായിയും, ഞങ്ങളുടെയെല്ലാം പ്രേമഭാജനവുമായ അങ്ങയെ ദൈവം എന്നും അനുഗ്രഹിക്കട്ടെ.

പടിഞ്ഞാറെ ആഫ്രിക്കയിൽ ഗ്ലിഡ്ജി എന്ന സംസ്ഥാനത്തുള്ള ജനങ്ങൾ തങ്ങളുടെ രാജാവായി ഒരു കത്തോലിക്കനെ തിരഞ്ഞെടുത്തിരിക്കുന്നു.

പത്താംപീയൂസുമാർപ്പാപ്പാ തിരുമേനിയെ വാഴ്ത്തപ്പെട്ടവനെന്നു നാമകരണം ചെയ്യുന്നതിനെ സംബന്ധിച്ചുള്ള നടപടികൾ അവസാനിക്കയും അതുസംബന്ധിച്ച രേഖകളെല്ലാം റീത്തുകളുടെ തിരുസംഘത്തിലേക്കു അയക്കുകയും ചെയ്തിരിക്കുന്നു.

കാർഡിൽന്യൂമാൻ അംഗ്ലിക്കൻ സഭയിൽനിന്നും കത്തോലിക്കാ സഭയിലേക്കു പ്രവേശിച്ചതിൽപ്പിന്നെ 787 അംഗ്ലിക്കൻ വൈദികർ സത്യസഭയിലേക്കു പിന്തിരിഞ്ഞിട്ടുള്ളതായിക്കാണുന്നു. ഇപ്രകാരം കത്തോലിക്കരായിത്തീൎന്ന ഒരു നൂറോളംപേർ ഇപ്പോൾ ഇംഗ്ലണ്ടിൽ വൈദികവൃത്തി നടത്തുന്നുണ്ട്. ഇവരിൽ ഒൻപതു ഈശോസഭക്കാരും, എട്ടുബനദിക്തോസ് സഭക്കാരും ഉൾപ്പെട്ടമെന്നു കാണുന്നു.

# പുതിയ പ്രസിദ്ധീകരണങ്ങൾ.

## 1. വി. ബൊനിഫാസിയുടെ ജീവചരിത്രം.

രണ്ടാം പതിപ്പ്.
സെൻറു ജോസഫ്സ് പ്രസ്സ് മാന്നാനം.
വില നാലുചക്രം.

ഏതാനും മാസങ്ങൾക്കുമുമ്പ് പ്രസിദ്ധീകരിച്ച ഈ ചെറുപുസ്തകത്തിനു ഇത്ര വേഗത്തിൽ ഒരു രണ്ടാം പതിപ്പു ആവശ്യപ്പെട്ടതിൽനിന്നുതന്നെ ഇതിനു സിദ്ധിച്ചിട്ടുള്ള പ്രചാരം പ്രത്യക്ഷമാകുന്നുണ്ടു്. പുതുതായി ചില പടങ്ങളും വി. ബൊനിഫാസിൻെറ ഏതാനും കത്തുകളും ഈ പതിപ്പിൽ വിശേഷാൽ ചേൎത്തിട്ടുണ്ടു്. വേദപ്രചാരാസക്തി വൎദ്ധിക്കുന്നതിനു ഈ ചെറിയ പുസ്തകം ഉപകരിക്കാതിരിക്കയില്ല.

## 2. പരമസത്യങ്ങൾ.

എസ്. ബി. തണ്ണിക്കോട്ടു്.
പുത്തൻപള്ളി സെമ്മിനാരി വരാപ്പുഴ.
വില രണ്ടണ മൂന്നുപൈ.

മാനുഷ്യൻെറ അന്ത്യങ്ങളെ സംബന്ധിച്ചുള്ള ഏതാനും ചിന്താവിഷയങ്ങളാണു് മനോഹരമായ ഈ ചെറിയ പുസ്തകത്തിൽ അടങ്ങിയിരിക്കുന്നതു്. സ്രഷ്ടാവായ ദൈവം, ദൈവത്തിൽനിന്നകററുന്ന പാപം, പാപത്തിൻെറ ശിക്ഷയായ മരണം, മരണാനന്തരമുള്ള വിധി, നരകം, സ്വൎഗ്ഗം, ഇത്യാദി സംഗതികളെപ്പററി ഹൃദയസ്പൎശകമായവിധം ഇതിൽ പ്രതിപാദിച്ചിട്ടുണ്ടു്. കുടുംബങ്ങളിൽ പ്രതിദിനവായനക്കു ഇതു അത്യന്തം ഉപകാരപ്രദമായിരിക്കുമെന്നുള്ളതിനു സംശയമില്ല.

---

# മനോഗുണ വിവരങ്ങൾ.

☞ ചുരുക്കമായി ഈവിധ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു ഒരു രുപാ മുമ്പേറടച്ചു അപേക്ഷിക്കണം.

വി. യൌസേപ്പുപിതാവിൻെറയും കൊച്ചുത്രേസ്യായുടെയും അന്തോനീസുപുണ്യവാൻെറയും സഹായത്താൽ എനിക്കു സ്കൂൾ ഫൈനൽ പരീക്ഷയിൽ ജയം കിട്ടിയതിനും എൻെറ ജ്യേഷ്ഠനു ജോലി കിട്ടിയതിനും ഉപകാരസ്മരണ.

എം. എസ്. കെ. മയ്യനാട്ട്.

കാണാതെപോയ ചില സാധനങ്ങൾ വി. കൊച്ചുത്രേസ്യായുടെയും മാർ അന്തോനീസിൻെറയും മനോഗുണത്താൽ ഉടനെ കണ്ടുകിട്ടിയതിനു്.

വി. എം. സെബാസ്ത്യൻ വടക്കൻ വെളിയനാട്ട്.

വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ എൻെറ അഗ്രഹം സാധിച്ചതിനു ഉപകാരസ്മരണ.

മറിയം പുതിയടം കുറുമണ്ണൂർ.

തിരുഹൃദയാനുഗ്രഹത്താലും വി. കൊച്ചുത്രേസ്യായുടെയും വി. അന്തോനീസിൻെറയും മദ്ധ്യസ്ഥതയാലും ട്രെയ്നിങ്ങ് പരീക്ഷയിൽ വിജയം ലഭിച്ചതിനു്.

ബി. ഗോമസ് നെട്ടവക്കാട്ട്.

വി. യൗസേപ്പുപിതാവിൻെറയും വി. കൊച്ചുത്രേസ്യായുടെയും സഹായത്താൽ എൻെറ സഹോദരി ബ്രിജീത്താ സ്കൂൾ ഫൈനൽ പരിക്ഷയിൽ ജയിച്ചതിനും എൻെറ അമ്മയുടെ നഷ്ടിഭവിച്ച കാഴ്ച അഭിവൃദ്ധിപ്പെട്ടുവരുന്നതിനും

ചെറുശേ. സെ. ശ. പുത്തൻപള്ളി.

വ്യാകുലമാതാവിൻെറയും വി. കൊച്ചുത്രേസ്യായുടെയും സഹായത്താൽ, എൻെറ കഴിഞ്ഞ പ്രസവത്തിൽ നേരിട്ട അപകടത്തിൽ നിന്നു് രക്ഷപ്രാപിച്ചതിനു്. എം. ടി. ത്രേസ്യാ. ഗോതുരുത്തു്.

വാഴക്കുളത്തെ വി. അന്തോനീസിൻെറ സഹായത്താൽ മൂന്നു സംഗതികൾ സാധിച്ചതിനു ഉപകാരസ്മരണ.

പി. എം. ജോസഫ് വാഴക്കുളം.

കാലംചെയ്ത കുഴ്വാളശ്ശേരിൽ മാർ തോമ്മാമെത്രാനച്ചൻെറ സഹായത്താൽ

എൻെറ മകൾ മരണാപകടത്തിൽനിന്നു രക്ഷപ്രാപിച്ചതിന്.

പോത്തൻ മാതിരപ്പള്ളി അല്പൂക്കര.

എൻെറ കുട്ടി വല്യതായ ഒരു സുഖക്കേടിൽനിന്നു രക്ഷപ്രാപിച്ചതിനു കുസുമംവഴി ഉപകാരസ്മരണചെയ്യുന്നു.

പി. മേറി.

തിരുഹൃദയത്തിൻെറയും വി. കൊച്ചുത്രേസ്യായുടെയും വിശിഷ്യ അനുഗ്രഹ കൊന്തയുടെയും സഹായത്താൽ ഞാൻ പരീക്ഷയിൽ വിജയിയായിരിക്കുന്നു.

പോൾ. ടി. പുലാക്കിൽ മുണ്ടൂർ.

വി. അന്തോനീസുപുണ്യവാൻെറയും കാവൽമാലാഖായുടെയും സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന്.

സിസ്റ്റർ മേറി ഉർസുലാ.

കൊരട്ടി മുത്തിയമ്മയോടുള്ള പ്രാർത്ഥന വഴിയായി എളുപ്പത്തിൽ ഒരു കാര്യം സാധിച്ചുകിട്ടിയതിനുപകാരസ്മരണ.

എ. ഡി. പൈലോ കാഞ്ഞിരപ്പള്ളി.

മാർ യൗ. പുണ്യവാൻെറ മദ്ധ്യസ്ഥതയാൽ എൻെറ കുഞ്ഞമ്മയുടെ ഉദ്ദേശകാര്യം സാധിച്ചതിന്.

പി. ജെ. കുര്യൻ ചെറുവാണ്ടൂർ.

വി. യോഹന്നാൻ നെപ്പുമാസ്യാൻ പുണ്യവാൻെറയും വി. ഗീവറുഗീസ് പുണ്യവാൻെറയും മദ്ധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യങ്ങൾ സാധിച്ചതിനു ഉപകാരസ്മരണ.

ടി. ജെ. കെ. കാഞ്ഞിരത്താനം.

വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചുകിട്ടിയതിനു ഉപകാരസ്മരണ.

സി. മുട്ടുചിറ.

ഈശോയുടെ തിരുഹൃദയത്തിൻെറയും വി. കൊച്ചുത്രേസ്യായുടെയും സഹായത്താൽ ആഗ്രഹിച്ച കാര്യം സാധിച്ചതിനു കുസുമംവഴി ഉപകാരസ്മരണ ചെയ്യുന്നു.

ടി. എസ്. കരുനൃമാലി അല്പൂക്കര

## ചരമവാർത്തകൾ.

കർത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കുവേണ്ടി കുസുമവായനക്കാർ പ്രാർത്ഥിപ്പാറാകണം.

തൊടുപുഴ നെടിയകാട ലിസ്യാ പള്ളിയിടവകയിലെ കെ. സി. സി. ഏ. അംഗമായിരുന്ന പമ്പിള്ളി ഇട്ടീര ചെറിയതു ജൂലൈ ൨-ാംനു- ൬൫ വയസ്സ്.

പൂഞ്ഞാർ ഇടവക കളപ്പുരയ്ക്കൽ പറമ്പിൽ ചാക്കോ ജൂലൈ ൧൭-ാംനു- ൩൧ വയസ്സ്.

ഭരണങ്ങാനം ക്ലാരമഠത്തിലെ ഒരംഗമായ റവ. സിസ്റ്റർ എസ്പീരീത്തു ജൂലൈ ൧൩—ാംനു- ൨൩ വയസ്സ്.

അത്താറുപള്ളിയിടവക പേരാമംഗലത്തു് ശ്രീമതി അച്ചാമ്മ ജൂലൈ ൧൯—ാംനു- ൭൭ വയസ്സ്.

പല്ലിശ്ശേരിപള്ളിയിടവക നിലയാററുങ്ങി ശ്രീമതി കുഞ്ഞായി അമ്മ ജൂലൈ ൨൩-ാംനു- ൩൩ വയസ്സ്.

പാലാ ഇടവക മണ്ണൂർ ബ. ഇട്ടിച്ചെറിയച്ചൻ, ക. നി. മൂ. സ. ബ. റെമീജിയച്ചൻ, ബ. ഗ്രസ്യാൻ ശമ്മാശ്ശൻ എന്നിവരുടെ പിതാമഹനും മുത്തോലി ആശ്രമസ്ഥാപനത്തിനു സ്ഥലം നൽകിയും മററും പല സഹായങ്ങൾ ചെയ്തിട്ടുള്ള ദേഹവുമായ കുഞ്ഞച്ചൻ അവർകൾ ആഗസ്റ്റ് 6—ാംനു- 91 വയസ്സ്.

കുമരകം നവനസ്രത്ത്പള്ളിയിടവ തൈപ്പറമ്പിൽ അവിരാകുരുവിള ആഗസ്റ്റ് ൯-ാംനു- ൩൯ വയസ്സ്.

ക. നി. മൂ. സ. ബ. റൈമുന്തച്ചൻ അവർകളുടെ സഹോദരി അതിരമ്പുഴപ്പള്ളിയിടവക തകടിയേൽ ശ്രീമതി ഏലീശ്വാമ്മ ആഗസ്റ്റ് ൨ാ—ാംനു- ൧൪ വയസ്സ്.

Printed and Published for the Proprietor by P. K. Joseph at St. Joseph's Press Mannanam 1929.